2023
JUNE
03
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഒഡീഷയിൽ ട്രെയിൻ അപകടം: മരണം 233

## ■ 900 ലേറെ പേർക്ക് പരിക്ക് ■ തകർന്ന കോച്ചുകൾക്കിടയിൽ ആളുകൾ കുടുങ്ങിക്കിടക്കുന്നു



**ബാലസോർ (ഒഡീഷ):** ഒഡീഷയിലെ ബാലസോർ ട്രെയിൻ അപകടത്തിൽ മരണം 233 ആയി. 900 ലേറെ പേർക്കു പരുക്കേറ്റു. പാളം തെറ്റിയ കോച്ചുകളിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്താനുള്ള ശ്രമം തുടരുന്നു. നിരവധി പേർ തകർന്ന കോച്ചുകൾക്കിടിയിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് വിവരം. ബാലസോർ ജില്ലയിലെ ബഹനാഗ ബസാർ സ്റ്റേഷനു സമീപം പാളം തെറ്റി തൊട്ടടുത്ത ട്രാക്കിലേക്കു മറിഞ്ഞ ബെംഗളൂരു ഹൗറ (12864) സൂപ്പർ ഫാസ്റ്റ് എക്സ്പ്രസിലേക്ക് കൊൽക്കത്തയിലെ ഷാലിമാറിൽനിന്നു ചെന്നൈ സെൻട്രലിലേക്കു പോകുകയായിരുന്ന കൊറമാണ്ഡൽ എക്സ്പ്രസ് (12841) ഇടിച്ചുകയറുകയായിരുന്നു. മറിഞ്ഞുകിടന്ന കൊറമാണ്ഡൽ എക്സ്പ്രസിന്റെ കോച്ചുകളിലേക്ക് മറ്റൊരു ട്രാക്കിലൂടെ വന്ന ഗുഡ്സ് ട്രെയിനും ഇടിച്ചുകയറിയത് ദുരന്തത്തിന്റെ ആഘാതമിരട്ടിപ്പിച്ചു.

ഇന്നലെ രാത്രി 7.20നായിരുന്നു അപകടം. വ്യോമസേന, ദേശീയ ദുരന്തനിവാരണ സേന, റെയിൽവേ സുരക്ഷാ സേന, ഒഡീഷ ദുരന്തനിവാരണ സേന ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിനു രംഗത്തുണ്ട്. അപകടകാരണം കണ്ടെത്താൻ റെയിൽവേ ഉന്നതതല അന്വേഷണം പ്രഖ്യാപിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചിച്ചു. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി പ്രധാനമന്ത്രി സ്ഥിതിഗതികൾ ചർച്ച ചെയ്തു. അശ്വിനി വൈഷ്ണവ് സംഭവസ്ഥലത്തേക്കു പുറപ്പെട്ടിട്ടുണ്ട്. ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നാടിക്കും രാവിലെ അപകടസ്ഥലം സന്ദർശിക്കും.

മരിച്ചവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. പരുക്കേറ്റവരിൽ ഗുരുതരാവസ്ഥയിലുള്ളവർക്ക് 2 ലക്ഷം രൂപ വീതവും മറ്റുള്ളവർക്ക് 50,000 രൂപ വീതവും നൽകും. അപകടത്തെത്തുടർന്ന് ഒട്ടേറെ ട്രെയിനുകൾ റദ്ദാക്കി. ചിലതു വഴി തിരിച്ചുവിട്ടു.

## ഉന്നതതല അന്വേഷണത്തിന് ഉത്തരവ്; റെയിൽവേമന്ത്രി അപകട സ്ഥലം സന്ദർശിക്കും

**ന്യൂഡൽഹി:** ഒഡീഷയിലെ ബാലസോറിലുണ്ടായ ട്രെയിൻ അപകടത്തിൽ കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് ഉന്നതതല അന്വേഷണം പ്രഖ്യാപിച്ചു. അപകടത്തിന്റെ മൂലകാരണം കണ്ടെത്തണമെന്ന് അശ്വിനി വൈഷ്ണവ് പറഞ്ഞു. അശ്വിനി വൈഷ്ണവ് ഇന്നു രാവിലെ അപകടസ്ഥലം സന്ദർശിക്കും. ഒഡീഷ മുഖ്യമന്ത്രി നവീൻ പട്നായിക്കും അപകടസ്ഥലം സന്ദർശിക്കും. അതിനിടെ, മനഃസാക്ഷിയുണ്ടെങ്കിൽ റെയിൽവേ മന്ത്രി രാജിവയ്ക്കണമെന്ന് തൃണമൂൽ കോൺഗ്രസ് നേതാവ് ഡെറിക് ഒബ്രിയൻ പറഞ്ഞു. ഇന്നലെ രാത്രി 7.20ന് ബാലസോർ ജില്ലയിലെ ബഹനാഗ ബസാർ സ്റ്റേഷനു സമീപമുണ്ടായ അപടത്തിൽ ഇതുവരെ 233 പേരാണ് മരിച്ചത്. 900ലേറെ പേർക്ക് പരുക്കേറ്റു. ബസാർ സ്റ്റേഷനു സമീപം പാളം തെറ്റി തൊട്ടടുത്ത ട്രാക്കിലേക്കു മറിഞ്ഞ ബെംഗളൂരു ഹൗറ (12864) സൂപ്പർ ഫാസ്റ്റ് എക്സ്പ്രസിലേക്ക് കൊൽക്കത്തയിലെ ഷാലിമാറിൽനിന്നു ചെന്നൈ സെൻട്രലിലേക്കു പോകുകയായിരുന്ന കൊറമാണ്ഡൽ എക്സ്പ്രസ് (12841) ഇടിച്ചുകയറുകയായിരുന്നു. മറിഞ്ഞുകിടന്ന കൊറമാണ്ഡൽ എക്സ്പ്രസിന്റെ കോച്ചുകളിലേക്ക് മറ്റൊരു ട്രാക്കിലൂടെ വന്ന ഗുഡ്സ് ട്രെയിനും ഇടിച്ചുകയറിയത് ദുരന്തത്തിന്റെ ആഘാതമിരട്ടിപ്പിച്ചു.

## ജിഎസ്ടി വരുമാനം 1.57 ലക്ഷം കോടി

**ന്യൂഡൽഹി:** രാജ്യത്തെ ചരക്ക് സേവന നികുതി(ജിഎസ്ടി) വരുമാനം തുടർച്ചയായ മൂന്നാം മാസവും 1.50 ലക്ഷം കോടിക്കു മുകളിൽ. മുൻ വർഷം ഇതേ കാലയളവിനേക്കാൾ 12 ശതമാനം ഉയർന്ന് 1.57 ലക്ഷം കോടിയാണ് മേയിലെ വരുമാനം. രാജ്യത്തെ സാമ്പത്തിക രംഗത്തെ ഉണർവാണ് വരുമാന വർധന സൂചിപ്പിക്കുന്നത്. കേന്ദ്രത്തിന് അർഹതപ്പെട്ട ജിഎസ്ടി 28,411 കോടി, സംസ്ഥാനത്തിനുള്ള ജിഎസ്ടി 35,828 കോടി, ഒന്നിലേറെ സംസ്ഥാനങ്ങളിലായി നടക്കുന്ന ഇടപാടുകൾക്കുള്ള ഇന്റഗ്രേറ്റഡ് ജിഎസ്ടി 81,363 കോടി(ഉൽപന്നങ്ങളുടെ ഇറക്കുമതിയിലൂടെയുള്ള 41,772 കോടി ഉൾപ്പെടെ), സെസ് 11,489 കോടി എന്നിങ്ങനെയാണ് വരുമാനം. ജിഎസ്ടി വരുമാനം ഏപ്രിലിൽ 1.87 ലക്ഷം കോടിയിൽ എത്തിയിരുന്നു.



# ഒഡീഷ ട്രെയിൻ അപകടം: രക്ഷാപ്രവർത്തനം തുടരുന്നെന്ന് പ്രധാനമന്ത്രി



**ഭുവനേശ്വർ:** ഒഡീഷയിലുണ്ടായ ട്രെയിൻ അപകടത്തിൽ നടുക്കം രേഖപ്പെടുത്തി നേതാക്കൾ. പ്രധാനമന്ത്രി നരേന്ദ്ര മോദിയും റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവും ഉൾപ്പെടെയുള്ളവർ അപകടത്തിൽ നടുക്കം രേഖപ്പെടുത്തുകയും രക്ഷാപ്രവർത്തനത്തിന്റെ വിവരങ്ങൾ പങ്കുവയക്കുകയും ചെയ്തു. റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി സംസാരിച്ചതായും രക്ഷാപ്രവർത്തനം തുടരുകയാണെന്നും പ്രധാനമന്ത്രി ട്വീറ്റ് ചെയ്തു. അപകടത്തിൽപ്പെട്ടവർക്കു സാധ്യമായ എല്ലാ സഹായവും നൽകും. പരുക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്നും പ്രധാനമന്ത്രി ടിറ്ററിൽ കുറിച്ചു.

രക്ഷാപ്രവർത്തനത്തിനു സാധ്യമായ എല്ലാവഴികളും തേടുകയാണെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ടീറ്റ് ചെയ്തു. അദ്ദേഹം അപകട സ്ഥലത്തേക്ക് പുറപ്പെട്ടിട്ടുണ്ട്. ഭുവനേശ്വറിൽ നിന്നും കൊൽക്കത്തയിൽ നിന്നുമുള്ള രക്ഷാപ്രവർത്തകരുടെ സംഘവും എൻഡിആർഎഫും വ്യോമസേനയും സജ്ജമാണെന്നും റെയിൽവേ മന്ത്രി അറിയിച്ചു. അപകടത്തിൽപ്പെട്ടവർ വേഗത്തിൽ സുഖംപ്രാപിക്കുന്നതിനായി പ്രാർത്ഥിക്കുകയാണ്. അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് അനുശോചനം നേരുന്നതായും അദ്ദേഹം കുറിച്ചു.

അപകടം ഞെട്ടിക്കുന്നതെന്നായിരുന്നു ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ ടീറ്റ്. ഒഡീഷ സർക്കാരുമായും റെയിൽവേ വിഭാഗവുമായും ബന്ധപ്പെട്ടുകൊണ്ടിരിക്കുകയണെന്ന് പറഞ്ഞ മമത, എമർജൻസി കൺട്രോൾ റൂം നമ്പറുകൾ (03322143526, 03322535185) പങ്കുവച്ചു. രക്ഷാപ്രവർത്തനം നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും രക്ഷാപ്രവർത്തനത്തിനായി ടീമിനെ അയയ്ക്കുമെന്നും അവർ ടിറ്ററിൽ കുറിച്ചു.

ഒഡീഷയിലുണ്ടായ ട്രെയിൻ അപകടം ഞെട്ടിപ്പിക്കുന്നതെന്ന് തമിഴ്നാട് മുഖ്യമന്ത്രി സ്റ്റാലിൻ ടീറ്റ് ചെയ്തു. ഒഡീഷ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് അപകടത്തിന്റെ വിശദാംശങ്ങൾ തേടിയതായി അദ്ദേഹം അറിയിച്ചു. അപകടസ്ഥലത്തെത്താൻ മൂന്ന് ഐഎഎസ് ഉദ്യോഗസ്ഥർക്കു നിർദേശം നൽകിയിട്ടുണ്ടെന്നും സ്റ്റാലിൻ അറിയിച്ചു.

ട്രെയിൻ അപകടത്തിൽപ്പെട്ടവർ വേഗം സുഖംപ്രാപിക്കാനും രക്ഷാപ്രവർത്തനം വിജയകരമാകാനും വേണ്ടി പ്രാർഥിക്കുന്നെന്നു രാഷ്ട്രപതി ദ്രൗപതി മുർമു ടീറ്റ് ചെയ്തു. അപകടത്തിൽ നിരവധി പേരുടെ ജീവൻ പൊലിഞ്ഞത് ദുഖകരമാണ്.

മരിച്ചവരുടെ കുടുംബാംഗങ്ങളുടെ ദുഖത്തിനൊപ്പമെന്നും രാഷ്ട്രപതി ടീറ്റ് ചെയ്തിട്ടുണ്ട്.

## ആദ്യ അപകടത്തിന്റെ ഞെട്ടൽ മാറും മുൻപേ തൊട്ടടുത്ത ട്രാക്കിൽ വീണ്ടും അപകടം

**ഭുവനേശ്വർ:** രാജ്യത്തെ നടുക്കി ഒഡീഷയിലുണ്ടായത് ഇരട്ട ട്രെയിൻ അപകടങ്ങൾ. ഒഡീഷയിലെ ബാലസോർ ജില്ലയിൽ മിനിറ്റുകളുടെ വ്യത്യാസത്തിലുണ്ടായ രണ്ട് വൻ ട്രെയിൻ അപകടങ്ങളിൽ ഇതുവരെ മരിച്ചത് അൻപതിലധികം പേരാണ്. പരുക്കേറ്റവരുടെ എണ്ണം 350ലേറെ വരും. ഒരേ സമയത്ത് മൂന്നു ട്രെയിനുകളാണ് ഇവിടെ അപകടത്തിൽപ്പെട്ടത്. ഷാലിമാർ ചെന്നൈ കോറമണ്ഡൽ എക്സ്പ്രസ്, യശ്വന്ത്പുർ ഹൗറ എക്സ്പ്രസ് എന്നീ പാസഞ്ചർ ട്രെയിനുകൾക്കൊപ്പം ഒരു ഗുഡ്സ് ട്രെയിനും അപകടത്തിൽപ്പെട്ടു. വെള്ളിയാഴ്ച രാത്രി 7.20നാണ് ആദ്യത്തെ ട്രെയിൻ അപകടത്തിൽപ്പെട്ടത്.

ബെംഗളൂരുവിൽനിന്ന് കൊൽക്കത്തയിലേക്കു പോവുകയായിരുന്ന യശ്വന്ത്പുർ ഹൗറ എക്സ്പ്രസ്



ട്രെയിൻ ബഹാനഗാ ബസാർ സ്റ്റേഷനു സമീപം പാളം തെറ്റി മറിഞ്ഞതാണ് ആദ്യ അപകടമെന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരം. ഈ കോച്ചുകളിലേക്ക് അടുത്ത പാളത്തിലൂടെ വന്ന ഷാലിമാർ ചെന്നൈ കോറമണ്ഡൽ എക്സ്പ്രസ് ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ പാളം തെറ്റിയ കോറമണ്ഡൽ എക്സ്പ്രസ് സമീപത്തെ ഗുഡ്സ് ട്രെയിനിനു മുകളിലേക്ക് മറിഞ്ഞു.

അപകടത്തെ തുടർന്ന് 300, 400 ആളുകളാണ് ട്രാക്കിൽ കുടുങ്ങിയത്. നാട്ടുകാരും പൊലീസും റെയിൽവേ ഉദ്യോഗസ്ഥരും ദേശീയ ദുരന്തനിവാരണ സേനയും ഉൾപ്പെടെയുള്ളവർ വളരെ പണിപ്പെട്ടാണ് ആളുകളെ പുറത്തെടുത്തത്. ആശുപത്രിയിലേക്കു മാറ്റുമ്പോൾത്തന്നെ പലരും അതീവ ഗുരുതരാവസ്ഥയിലായിരുന്നു.

വെള്ളിയാഴ്ച വൈകിട്ട് 3.30ന് ബംഗാളിലെ ഷാലിമാർ സ്റ്റേഷനിൽനിന്ന് പുറപ്പെട്ട ട്രെയിനാണ് അപകടത്തിൽപ്പെട്ടത്. വൈകിട്ട് 6.30നാണ് ട്രെയിൻ ബാലസോർ സ്റ്റേഷനിലെത്തിയത്. പിന്നീട് 7.20ഓടെ ബഹനാഗ സ്റ്റേഷനു സമീപത്തുവച്ചാണ് അപകടത്തിൽപ്പെട്ടത്. ശനിയാഴ്ച വൈകിട്ട് 4.50ന് ചെന്നൈ റെയിൽവേ സ്റ്റേഷനിലേത്തേണ്ട ട്രെയിനാണിത്.

## മരിച്ചവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം; ഗുരുതര പരുക്കുള്ളവർക്ക് 2 ലക്ഷം, മറ്റുള്ളവർക്ക് 50,000

**ഭുവനേശ്വർ:** എഴുപതിലധികം പേരുടെ ജീവനെടുത്ത ഒഡീഷയിലെ ട്രെയിൻ അപകടത്തിനു പിന്നാലെ ദുരന്തബാധിതർക്കു നഷ്ടപരിഹാരം പ്രഖ്യാപിച്ച് കേന്ദ്ര സർക്കാരും റെയിൽവേ മന്ത്രാലയവും. അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി നൽകും. അപകടത്തിൽ ഗുരുതര പരുക്കുകളേറ്റവർക്കു രണ്ടു ലക്ഷം രൂപയും പരുക്കുകളുള്ളവർക്കു 50,000 രൂപയുമാണ് നഷ്ടപരിഹാരമായി ലഭിക്കുക. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ടിറ്ററിലൂടെയാണു നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ പുറത്തുവിട്ടത്.

അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി നൽകുമെന്ന് പ്രധാനമന്ത്രിയുടെ ഓഫിസ് വ്യക്തമാക്കി.

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നാണ് തുക നൽകുക. പരുക്കേറ്റവർക്ക് 50,000 രൂപ വീതവും പ്രഖ്യാപിച്ചു.



## ഒഡീഷ ട്രെയിൻ അപകടം: രക്ഷപ്പെട്ടവരിൽ 4 തൃശൂർ സ്വദേശികൾ

**അന്തിക്കാട് (തൃശൂർ):** അപകടത്തിൽപെട്ട കൊറമാണ്ഡൽ എക്സ്പ്രസിലെ യാത്രക്കാരായ 4 തൃശൂർ സ്വദേശികൾ സുരക്ഷിതർ. കാരമുക്ക് വിളക്കുംകാൽ കോക്കാട്ട് രഘു, അന്തിക്കാട് പാന്തോട് കോലയിൽ കിരൺ, പൊറ്റേക്കാട്ട് വൈശാഖ്, ഇരിങ്ങാലക്കുട കാറളം വിജിഷ് എന്നിവരാണു അപകടത്തിൽനിന്നു രക്ഷപ്പെട്ടത്. കൊറമാണ്ഡൽ എക്സ്പ്രസിൽ ചെന്നൈയിലെത്തി തുടർന്ന് തൃശൂരിലേക്കു വരാനായിരുന്നു ഉദ്ദേശ്യം.

പാടത്തേക്കു മറിഞ്ഞ ബോഗിയുടെ ഒരു വശത്തേക്ക് ഒരാളും മറുവശത്തേക്കു മറ്റു 3 പേരും ചാടി. ബോഗിയുടെ മുകളിലെ ഗ്ലാസ് പൊട്ടിച്ചാണു വൈശാഖ് പുറത്തുകടന്നത്. ആ സമയം മറ്റുള്ളവരെ കാണാത്തതിനെത്തുടർന്ന് വൈശാഖ് ഉടൻ നാട്ടിലേക്കു വിളിച്ചു. പിന്നീട് മറ്റു 3 പേരെയും കണ്ടുമുട്ടി.

അപകടസ്ഥലത്തിനു സമീപത്തെ വീട്ടിൽ വിശ്രമിക്കുകയാണെന്ന് ഇവർ നാട്ടിൽ വിളിച്ചറിയച്ചു. ട്രെയിനുകൾ കൂട്ടിയിടിച്ചതോടെ വൻ ശബ്ദവും കൂട്ടനിലവിളികളുമായിരുന്നെന്ന് ഇവർ പറഞ്ഞു.



# ട്രോളിങ് നിരോധനം: നടപടികൾക്ക് രൂപം നൽകി

**കൊല്ലം:** ഈ മാസം 9ന് അർധരാത്രി മുതൽ ജൂലൈ 31 വരെ ജില്ലയിൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തുന്നതിന്റെ പശ്ചാത്തലത്തിൽ അവലോകനയോഗം ചേർന്നു. ഇൻബോർഡ് വള്ളങ്ങൾ ഉൾപ്പെടെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നീണ്ടകര ഹാർബർ തുറന്നുകൊടുക്കും. ഹാർബറുകളിലും ലാൻഡിങ് സെന്ററുകളിലുമുള്ള ഡീസൽ ബങ്കുകൾ അടച്ചിടും. ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കാനായി മത്സ്യഫെഡിന്റെ തിരഞ്ഞെടുത്ത ഡീസൽ ബാങ്കുകൾ തുറന്നു കൊടുക്കും.

ട്രോളിങ് ബോട്ടുകൾ ഒൻപതിന് വൈകുന്നേരത്തോടെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റിയിട്ടുണ്ടെന്ന് മറൈൻ എൻഫോഴ്സും കോസ്റ്റൽ പൊലീസും ഉറപ്പാക്കണം. ഇൻബോർഡ് വള്ളങ്ങൾക്കൊപ്പം ഒരു കാരിയർ വള്ളം മാത്രമേ മത്സ്യവുമായി ഹാർബറിലേക്ക് വരാൻ അനുവദിക്കുകയുള്ളൂ. ഇതരസംസ്ഥാന ബോട്ടുകളുടെ പ്രവേശനം തടയാനുള്ള കർശന നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിക്കും. ഒൻപതിനു രാവിലെ മുതൽ ഉച്ചവരെ പരവൂർ മുതൽ അഴീക്കൽ വരെ കടലിലും ഉച്ചയ്ക്ക് ശേഷം തീരദേശ മേഖല മുഴുവനായും ട്രോളിങ് നിരോധനം സംബന്ധിച്ച അനൗൺസ്മെന്റുകൾ നടത്തുമെന്ന് ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ പറഞ്ഞു.

ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ് തുടങ്ങിയവരുടെ പരിശോധന ശക്തമാക്കും.

ലൈറ്റ് ഫിഷിങ് ഉൾപ്പെടെയുള്ള നിരോധിത മത്സ്യബന്ധന രീതികളും നിരോധിത വലകൾ ഉപയോഗിക്കുന്നതും കർശനമായി തടയുകയും നിയമവിരുദ്ധ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് ശിക്ഷ ഉറപ്പാക്കുകയും ചെയ്യും.

ബോട്ടുകൾ അഷ്ടമുടിക്കായലിന്റെ വിവിധ ഭാഗങ്ങളിൽ നിയമ വിരുദ്ധമായ ട്രോളിങ് തടയുന്നതിനായി ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും പരിശോധന ശക്തമാക്കും.

എല്ലാ ഹാർബറുകളിലും പൊലീസ് പിക്കറ്റിങ് ഏർപ്പെടുത്തും. ട്രോളിങ് നിരോധനം തുടങ്ങി രണ്ടുദിവസങ്ങളിൽ കൂടി വിപണനം നടത്തണമെന്ന മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യം ജില്ലാ ഭരണകൂടം ചർച്ച ചെയത് തീരുമാനിക്കും. എഡിഎം ബീനാറാണി അധ്യക്ഷയായിരുന്നു. ജില്ലാ പൊലീസ് മേധാവി മെറിൻ ജോസഫ്, സബ്കലക്ടർ മുകുന്ദ് ഠാക്കൂർ, ഫിഷറീസ് ഡിഡി എന്നിവർ നേതൃത്വം നൽകി.

# വേനൽ അവധിക്കാലത്ത് മൂന്നാറിൽ 2 ലക്ഷം സഞ്ചാരികളുടെ വർധന

**തൊടുപുഴ:** വേനൽ അവധിക്കാലം കഴിയുമ്പോൾ ഇടുക്കിയിൽ അവസാനിച്ചത് മികച്ച വിനോദ സഞ്ചാര സീസൺ. മൂന്നാറാണ് ഇതിൽ നേട്ടമുണ്ടാക്കിയ സ്ഥലം. മൂന്നാറിലെ രാജമല, ലക്കം വെള്ളച്ചാട്ടം, മറയൂർ, കാന്തല്ലൂർ, ഫ്ലവർ ഗാർഡൻ, മാട്ടുപ്പെട്ടി, കുണ്ടള, ഇക്കോ പോയിന്റ്, ടോപ് സ്റ്റേഷൻ, വട്ടവട, പാമ്പാടും ചോല, പഴയ മൂന്നാർ, ബ്ലോസംപാർക്ക്, പോതമേട് വ്യൂ പോയിന്റ്, ആറ്റുകാട് വെള്ളച്ചാട്ടം ഇവിടങ്ങളിലേക്ക് സഞ്ചാരികൾ ഒഴുകിയെത്തി. വനംവകുപ്പിന്റെ കീഴിലുള്ള രാജമലയിൽ ഏപ്രിൽ മാസത്തിൽ 70,535 പേരും മെയ് 29 വരെ 89,818 പേരും സന്ദർശിച്ചു. പാമ്പാടും ചോല ദേശീയ ഉദ്യാനത്തിൽ മാർച്ചിൽ 16,560 പേരും ഏപ്രിൽ മാസത്തിൽ 28,160 പേരും സന്ദർശനം നടത്തി.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള ബൊട്ടാണിക്കൽ ഗാർഡനിൽ 28,040 പേരാണ് ഏപ്രിലിൽ സന്ദർശനം നടത്തിയത്. മൂന്നാർ ഫ്ലവർ ഷോ നടന്ന മേയ് മാസത്തിൽ ബൊട്ടാണിക്കൽ ഗാർഡനിൽ 1,16,133 പേരും സന്ദർശനത്തിനെത്തി. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കീഴിലുള്ള സ്ഥലങ്ങളും മികച്ച നേട്ടമുണ്ടാക്കി. രാമക്കൽമേട്, അരുവിക്കുഴി, എസ്. എൻ. പുരം, വാഗമൺ, പാഞ്ചാലിമേട്, ഹിൽവ്യൂ പാർക്ക്, എന്നിവിടങ്ങളിൽ ഏപ്രിൽ, മേയ് മാസങ്ങളിൽ 2022ലെ ഇതേ മാസങ്ങളെ അപേക്ഷിച്ച് 2 ലക്ഷം പേരുടെ വർധനയാണ് ഉണ്ടായത്. വാഗണിൽ മേയ് മാസത്തിൽ 1,26,784 പേരാണ് എത്തിയത്.

തദ്ദേശ ടൂറിസ്റ്റുകളുടെ വരവാണ് ഇടുക്കിയിലേക്ക് പ്രധാനമായും കൂടിയത്. അവധിക്കാലമായതും കേരളത്തിന്റെ മറ്റ് മേഖലകളിൽ വേനൽക്കാലത്ത് താപനില ഉയർന്നതുമാണ് മൂന്നാറിലേക്ക് സഞ്ചാരികൾ എത്താൻ കാരണമായത്. ഇക്കാലയളവിൽ മിക്ക ദിവസങ്ങളിലും രാത്രിയിൽ 10 ഡിഗ്രിയിൽ താഴെയാണ് മൂന്നാർ, വാഗമൺ പ്രദേശങ്ങളിലെ കാലാവസ്ഥ. ദേശീയപാത നവീകരണവും സമൂഹമാധ്യമങ്ങളിലെ ക്യാംപെയ്നും സഞ്ചാരികളെആകർഷിച്ചതായി അധികൃതർ പറഞ്ഞു.

# നെല്ലിന്റെ വില വിതരണം: സപ്ലൈകോ കടമെടുക്കുന്നത് അധിക പലിശയ്ക്ക്

**പാലക്കാട്:** നെല്ലിന്റെ വില വിതരണത്തിൽ നിന്നു കേരള ബാങ്കിനെ ഒഴിവാക്കിയതു സപ്ലൈകോയ്ക്ക് പലിശ ഇനത്തിൽ കോടികളുടെ അധിക ബാധ്യത വരുത്തുന്നു. കേരള ബാങ്ക് 7.65% പലിശയ്ക്കു വായ്പ വാഗ്ദാനം ചെയ്തെങ്കിലും ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് 8.5% പലിശ നിരക്കിലാണു സപ്ലൈകോ പണം വാങ്ങിയത്. 2000 കോടിയിലേറെ രൂപയാണ് ഒരു വർഷം നെല്ലിന്റെ വിലയായി സപ്ലൈകോ കർഷകർക്കു നൽകുന്നത്. കർഷകരിൽ നിന്നു സംഭരിക്കുന്ന നെല്ലിന്റെ ഈടിലാണു ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നു വായ്പ സംഘടിപ്പിച്ചതെന്നും മറ്റൊരു ബാങ്കിനെ സഹകരിപ്പിക്കാൻ സാങ്കേതിക പ്രശ്നമുണ്ടെന്നും സപ്ലൈകോ പറയുന്നു. നെല്ലിന്റെ വില നൽകാൻ മറ്റു വഴികളില്ലെന്നാണു സപ്ലൈകോ നിലപാട്.

അതേസമയം, സിപിഐ നയിക്കുന്ന പൊതുവിതരണ വകുപ്പിനു കീഴിലുള്ള സ്ഥാപനം, സംസ്ഥാന സർക്കാരിന്റെ ബാങ്ക് എന്ന നിലയിൽ ആരംഭിച്ച കേരള ബാങ്കിനെ അവഗണിക്കുന്നുവെന്ന പരാതി ബാങ്ക് അധികൃതർ മുഖ്യമന്ത്രിയെ ധരിപ്പിച്ചിട്ടുണ്ട്. ഒന്നാം വിളയ്ക്കു നെല്ലിന്റെ വില നൽകാൻ തുക തികയാതെ വന്നതോടെ മുഖ്യമന്ത്രി ഇടപെട്ട് 200 കോടി രൂപ കേരള ബാങ്കിൽ നിന്നു സപ്ലൈകോയ്ക്കു വായ്പ ലഭ്യമാക്കിയിരുന്നു. മുൻ വർഷത്തെ കുടിശികയായ 268 കോടി രൂപ തിരിച്ചടയ്ക്കണമെന്ന ധാരണയിലാണു പുതിയ വായ്പ അനുവദിച്ചത്. മാർച്ചിൽ സർക്കാരിൽ നിന്നു 400 കോടി രൂപ കിട്ടുമ്പോൾ കുടിശിക തീർക്കുമെന്നായിരുന്നു സപ്ലൈകോ അറിയിച്ചിരുന്നത്. എന്നാൽ ഇത് അടച്ചിട്ടില്ല.

അതേസമയം, വില വിതരണത്തിന് ഇന്നലെ ഫെഡറൽ ബാങ്കുമായി സപ്ലൈകോ കരാർ ഒപ്പിട്ടു. നേരത്തെ കരാർ ഒപ്പുവച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും കാനറ ബാങ്കും വഴി വില വിതരണം ആരംഭിച്ചിട്ടുണ്ട്. രണ്ടു ബാങ്കുകളിലും നിലവിൽ അക്കൗണ്ട് ഉള്ള കർഷകർക്കാണ് ആദ്യഘട്ടത്തിൽ തുക ലഭിക്കുക. ഇതര ബാങ്കുകളിൽ അക്കൗണ്ടുള്ളവർക്കു ലഭിക്കാൻ വ്യക്തമായ നിർദേശം വരേണ്ടതുണ്ട്. ഇപ്പോഴത്തെ നിർദേശങ്ങളിൽ അവ്യക്തത ഉള്ളതായി കർഷകർ പറയുന്നു.

# എൻഎബിഎച്ച് അക്രഡിറ്റേഷന് 44 ആയുഷ് ആശുപത്രികൾ

**കണ്ണൂർ :** സേവന ഭൗതിക ഗുണനിലവാരം മെച്ചപ്പെടുത്തി എൻഎബിഎച്ച്(നാഷനൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽ ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ്) അക്രഡിറ്റേഷൻ നേടാൻ തയാറെടുത്ത് ജില്ലയിലെ 44 ആയുഷ് ആശുപത്രികൾ. സാധാരണയായി സ്വകാര്യ ആശുപത്രികളാണു സേവന ഗുണനിലവാരത്തിനുള്ള ക്വാളിറ്റി കൗൺസിലിന്റെ എൻഎബിഎച്ച് സർട്ടിഫിക്കറ്റ് കൈവശമാക്കുന്നത്.

ഇതിനിടെയാണ് സംസ്ഥാന സർക്കാർ തിരഞ്ഞെടുത്ത ജില്ലയിലെ 44 ഉൾപ്പെടെ സംസ്ഥാനത്ത് 540 സർക്കാർ ആയുഷ് ആശുപത്രികൾ ഗുണനിലവാര സർട്ടിഫിക്കറ്റ് നേട്ടം കൈവരിക്കാനൊരുങ്ങുന്നത്. നാഷനൽ ആയുഷ് മിഷന്റെ നേതൃത്വത്തിലാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ആദ്യഘട്ടത്തിൽ, ഓഗസ്റ്റോടെ ജില്ലയിലെ 11 സ്ഥാപനങ്ങളെ ഈ നിലവാരത്തിലെത്തിക്കാൻ കഴിയുമെന്നാണ് അധികൃതരുടെ പ്രതീക്ഷ. ആയുർവേദം ഹോമിയോ എന്നിവ ചേർന്നുള്ളതാണ് ആയുഷ് വകുപ്പ്. ജില്ലയിൽ 28 ആയുർവേദ ഡിസ്പെൻസറികളും 16 ഹോമിയോ ഡിസ്പെൻസറികളുമാണ് എൻഎബിഎച്ച് അക്രഡിറ്റേഷനു തയാറെടുക്കുന്നത്.

ആശുപത്രികളിലെത്തുന്ന രോഗികൾക്കു ഗുണമേന്മയേറിയ സേവനം ഉറപ്പു വരുത്തുന്നതിനാണ് നാഷനൽ ക്വാളിറ്റി കൺട്രോൾ ബോർഡ് എൻഎബിഎച്ച് സർട്ടിഫിക്കേഷൻ കൊണ്ടുവന്നിരിക്കുന്നത്. ആശുപത്രി രോഗി സൗഹൃദമാക്കുന്നതിനായി രോഗികൾക്ക് ഇരിപ്പിടം, ടോക്കൺ സിസ്റ്റം, രോഗികളുടെ സ്വകാര്യത മാനിച്ചു കൊണ്ടുള്ള പരിശോധനാ മുറി, ശുദ്ധജലം, ഭിന്നശേഷിക്കാർക്കു പ്രത്യേക ശൗചാലയം എന്നിവ ഒരുക്കണം. ഫാർമസികൾ നവീകരിക്കുകയും രോഗികൾക്കു മരുന്ന് ഉപയോഗം സംബന്ധിച്ചു ലളിതമായി വിശദീകരിച്ച് കൊടുക്കുകയും വേണം. ആശുപത്രി സേവനം സംബന്ധിച്ചും രോഗികളുടെ അവകാശങ്ങൾ സംബന്ധിച്ചുമുള്ള സംവിധാനം, സോളാർ സൗകര്യമോ വൈദ്യുതി ബാക്ക് അപ്പോ എന്നിവ ഒരുക്കണം. എൻഎബിഎച്ച് നിർദ്ദേശിക്കുന്ന നിർദേശങ്ങൾ പാലിച്ച് നൂറിൽ നൂറു മാർക്ക് നേടി വേണം എൻഎബിഎച്ച് അക്രഡിറ്റേഷൻ ലഭിക്കാൻ.

ജില്ലയിലെ തിരഞ്ഞെടുത്ത 44 ആയുഷ് സ്ഥാപനങ്ങൾ എൻഎബിഎച്ച് അക്രഡിറ്റേഷൻ നേടാനായി മുന്നൊരുക്കത്തിനായി പരിശീലന പരിപാടി നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദിവ്യ ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.ജോമി ജോസഫ്, ജില്ലാ മെഡിക്കൽ ഓഫിസർ ഹോമിയോ ഡോ.അബ്ദുൽ സലാം, നാഷനൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.കെ.സി.അജിത് കുമാർ എന്നിവർ പ്രസംഗിച്ചു. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ ലാപ് ടോപ്പുകളുടെയും ആയുർവേദ ആശുപത്രികളിൽ അരുണിമ പദ്ധതിയുടെ ഹീമോ ഗ്ലോബിനോ മീറ്ററിന്റെയും വിതരണവും നടന്നു.

## ബിസിനസ് ഇൻഷ്യേഷൻ പ്രോഗ്രാം

**തിരുവനന്തപുരം:** പുതിയ സംരംഭം തുടങ്ങാൻ താത്പര്യപ്പെടുന്ന സംരംഭകർക്കായി സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, വ്യവസായ വാണിജ്യ വകുപ്പ് 10 ദിവസത്തെ ബിസിനസ് ഇൻഷ്യേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു.

ജൂൺ 19 മുതൽ 31 വരെ കളമശേരിയിലുള്ള കെ.ഐ.ഇ.ഡി ക്യാമ്പസിലാണ് പരിശീലനം. പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആൻഡ് മാർക്കറ്റിങ്, ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി.എസ്.ടി, സംരംഭം തുടങ്ങാനാവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ നിരവധി സെഷനുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പെടെ 5,900 രൂപയാണ് 10 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കെ.ഐ.ഇ.ഡിയുടെ വെബ്സൈറ്റായ www.kied.infoൽ ഓൺലൈനായി ജൂൺ 15 ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരെഞ്ഞെടുക്കപ്പെടുന്ന 35 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890 / 2550322/7012376994.

## വോക്ക്ഇൻഇന്റർവ്യൂ

**കൊല്ലം:** മയ്യനാട് സി കേശവൻ മെമ്മോറിയൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യൻ നിയമനത്തിനായി വോക്ക് ഇൻ ഇന്റർവ്യൂ നടത്തും. സർക്കാർ അംഗീകൃത കോഴ്സ് വിജയിച്ചവർക്ക് പങ്കെടുക്കാം . അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ ഏഴിന് രാവിലെ 11ന് മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ ഹാജരാകണം . ഫോൺ: 04742555050.

## ഗസ്റ്റ് അധ്യാപക ഒഴിവ്

**തിരുവനന്തപുരം:** ഗവൺമെന്റ് ലോ കോളജിൽ 202324 അധ്യയന വർഷത്തിൽ പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേക്ക് ഇംഗ്ലീഷ് വിഷയത്തിൽ ഗസ്റ്റ് അധ്യാപകന്റെ ഒരു ഒഴിവിൽ നിയമനത്തിനായി ജൂൺ 17ന് രാവിലെ 10ന് ഇന്റർവ്യൂ നടത്തും. കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി കലാലയ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം.

## പി എസ് സി അഭിമുഖം

**തൃശ്ശൂർ:** ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഗണിതശാസ്ത്രം ഹൈസ്കൂൾ ടീച്ചർ (കാറ്റഗറി നമ്പർ 383/2020) എന്ന തസ്തികയിലേക്ക് 2023 ജനുവരി 30ന് പ്രസിദ്ധീകരിച്ച ചരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം ജൂൺ 7, 8, 9, 21, 22 തീയ്യതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസിൽ വെച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് എസ് എം എസ്, പ്രൊഫൈൽ മെസ്സേജ് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൌൺലോഡ് ചെയ്ത് നിശ്ചിത സമയത്ത് ഹാജരാകേണ്ടതാണ്.




# മാലിന്യമുക്തം നവകേരളം: നാടെങ്ങും വിളംബര റാലി

**ഇടുക്കി:** മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വെള്ളിയാഴ്ച ജില്ലയിലെ ഏഴ് കേന്ദ്രങ്ങളിൽ ശുചിത്വ സന്ദേശ വിളംബര റാലികൾ സംഘടിപ്പിച്ചു. ബഹുജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ റാലികൾ ഗ്രാമനഗരങ്ങളിൽ ഒരുപോലെ പരിസര ശുചിത്വത്തിന്റെ സന്ദേശങ്ങൾ പകർന്നു നൽകി. മാലിന്യസംസ്കരണത്തിൽ പുലർത്തേണ്ട ശ്രദ്ധയും പ്രാധാന്യവും ഉൾക്കൊണ്ട് സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്തമാക്കാൻ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് മാലിന്യ മുക്ത നവകേരളം കാമ്പയ്ൻ ആവിഷ്കരിച്ചിരിക്കുന്നത്. ആദ്യഘട്ട പ്രവർത്തനം ജൂൺ അഞ്ചിന് പൂർത്തിയാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാലിന്യമുക്ത പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഒന്നിച്ചൊന്നായി പൊതുജനങ്ങളും ഭരണകൂടവും മാലിന്യനിർമ്മാർജ്ജനത്തിൽ കൈകോർക്കേണ്ടതിന്റെ ആവശ്യകത ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ശുചിത്വ സന്ദേശ റാലികൾ സംഘടിപ്പിച്ചത്.

ചെറുതോണിയിൽ ജില്ലാ ഭരണകൂടവും സമീപ പഞ്ചായത്തുകളും ശുചിത്വമിഷനും ചേർന്ന് സംഘടിപ്പിച്ച ജില്ലാതല റാലി പുതിയ ബസ് സ്റ്റാൻഡ് പരിസരത്ത് നിന്ന് രാവിലെ 10 ന് ആരംഭിച്ചു. ജില്ലാ കളക്ടർ ഷീബാ ജോർജ് റാലി ഫ്ളാഗ് ഓഫ് ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജി ചന്ദ്രൻ, സബ് കളക്ടർ ഡോ. അരുൺ എസ് നായർ, പഞ്ചായത്ത് പ്രസിഡന്റുമാരായ അനുമോൾ ജോസ്, ഷേർളി ജോസഫ്, ജില്ലാ ശുചിത്വ മിഷൻ കോ ഓഡിനേറ്റർ ലാൽ കുമാർ ജെ. ആർ എന്നിവർ റാലിക്ക് നേതൃത്വം നൽകി.

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്, വാഴത്തോപ്പ്, മരിയാപുരം, കാമാക്ഷി പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഹരിത കർമ്മ സേന, കുടുംബശ്രീ, അംഗനവാടി ജീവനക്കാർ, ആശാപ്രവർത്തകർ, വ്യാപാരി വ്യവസായി പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരടക്കം ആയിരത്തോളം പേർ റാലിയിൽ പങ്കെടുത്തു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ സംഘടിപ്പിച്ച റാലിയിൽ ശുചിത്വ, മാലിന്യ സംസ്കരണ ബോധവത്കരണത്തിനുള്ള സന്ദേശങ്ങൾ അടങ്ങിയ പ്ലക്കാർഡുകൾ ഉയർത്തി. റാലിയിലുടനീളം പങ്കെടുത്ത ജില്ലാ കളക്ടർ ഷീബാ ജോർജ് ചെറുതോണി പാപ്പൻസ് ജംഗ്ഷനിൽ റാലി അവസാനിച്ചപ്പോൾ ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സബ് കളക്ടർ ഡോ. അരുൺ എസ് നായർ നന്ദി പറഞ്ഞു. ത്രിതല പഞ്ചായത്ത് അംഗങ്ങളായ ഡിറ്റാജ് ജോസഫ്, മിനി ജേക്കബ്, നിമ്മി ജയൻ, പ്രഭാ തങ്കച്ചൻ, രാജു ജോസഫ് കല്ലറക്കൽ, നൗഷാദ് ടി ഇ, സെലിൻ വി എം, ടിന്റു സുഭാഷ്, ആലീസ് ജോസ് തുടങ്ങിയവർ പങ്കെടുത്തു.

## കെഎസ്ആർടിസി ഡിപ്പോ നിർത്തലാക്കാനുള്ള തീരുമാനത്തിൽ നിന്നു പിന്മാറും:എംഡി

**പത്തനാപുരം:** കെഎസ്ആർടിസി ഡിപ്പോ നിർത്തലാക്കാനുള്ള തീരുമാനത്തിൽ നിന്നും പിന്മാറാമെന്ന് പഞ്ചായത്ത് അധികൃതർക്ക് കെഎസ്ആർടിസി എംഡിയുടെ ഉറപ്പ്. എംഡിയെ നേരിട്ട് സന്ദർശിച്ച പഞ്ചായത്ത് പ്രസിഡന്റ് എസ്.തുളസി, വികസന കാര്യ സ്ഥിരം സമിതി അധ്യക്ഷൻ എ.ബി. അൻസാർ എന്നിവർക്കാണ് ഉറപ്പ് ലഭിച്ചത്. ഡിപ്പോ പ്രവർത്തിക്കുന്ന ഭൂമിയുടെ പാട്ട വ്യവസ്ഥ പുതുക്കുന്നതുമായി ബന്ധപ്പെട്ട കത്തിടപാടുകളാണ് കെഎസ്ആർടിസിയും പഞ്ചായത്തും തമ്മിലുള്ള തർക്കത്തിലേക്കും, ഡിപ്പോ നിർത്തലാക്കുന്നതിനുള്ള ഉത്തരവിലേക്കും എത്തിയത്. ഡിപ്പോയിലേക്കാവശ്യമായ മുഴുവൻ സഹായവും സൗകര്യങ്ങളും ഒരുക്കുന്നത് പഞ്ചയാത്താണെന്ന് അധികൃതർ എംഡിയെ ബോധ്യപ്പെടുത്തി.

ഡിപ്പോയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ പഞ്ചായത്തുമായി ബന്ധപ്പെടാറില്ലെന്നു ഇവർ പരാതിപ്പെട്ടു. ഇനി ഏതു കാര്യവും പഞ്ചായത്തുമായി ആലോചിച്ചു




ചെയ്താൽ മതിയെന്ന നിർദേശവും എംഡി നൽകി. അതേ സമയം ഡിപ്പോയിലേക്ക് അനുവദിച്ച ഷോപ്പ് ഓൺ വീൽ സംവിധാനത്തിൽ നിയമ വിരുദ്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ കരാർ റദ്ദാക്കുമെന്നും, നിയമപരമായ രീതിയിൽ മാത്രം ലൈസൻസ് നൽകിയാൽ മതിയെന്നും എംഡി നിർദേശം നൽകിയെന്നും പ്രസിഡന്റ് എസ്.തുളസി പറഞ്ഞു.

## ദർഘാസ് കം ലേലം നടത്തുന്നു

**കോഴിക്കോട്:** മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ അപകടാവസ്ഥയിലുള്ള നമ്പറിട്ട ഒരു മട്ടി മരവും, പെർമെന്റ് നഴ്സറിക്ക് ഭീഷണിയായ നമ്പറിട്ട അഞ്ച് മരങ്ങളുടെ (ചരൽക്കൊന്ന 2, പാല 1, മഴമരം 1, തേക്ക് 1.) ശാഖകളും ചില്ലകളും മുറിച്ചു മാറ്റുന്നതിനും തുടർന്ന് തടികളും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിനും ജൂൺ 12 ന് വൈകീട്ട് 3 മണിക്ക് ദർഘാസ് കം ലേലം നടത്തുന്നു.

ദർഘാസ് ഫോറം ജൂൺ എട്ട് മുതൽ ടിമ്പർസെയിൽസ് ഡിവിഷൻ ഓഫീസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച ഫോറങ്ങൾ ദർഘാസ്കംലേല ദിവസം ഉച്ചയ്ക്ക് 2.30 വരെ സ്വീകരിക്കും.

അന്നേ ദിവസം മൂന്ന് മണിക്ക് മരങ്ങളുടെ ലേലം നടത്തുന്നതും ലേലത്തിന് ശേഷം ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. നിരതദ്രവ്യം : 690 രൂപ. കൂടുതൽ വിവരങ്ങൾക്ക്: 0495 2414702

## താത്കാലിക അധ്യാപകരെ നിയമിക്കുന്നു

**കോഴിക്കോട്:** കുറ്റ്യാടി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.ടി സീനിയർ ബോട്ടണി, എച്ച്.എസ്.എസ്.ടി ജൂനിയർ ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, എക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് തസ്തികകളിലേക്ക് താത്കാലിക അധ്യാപകരെ നിയമിക്കുന്നു.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 5 ന് രാവിലെ 10 മണിക്ക് ഹയർസെക്കൻഡറി സ്കൂൾ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 0496 2598634 , 2229010.

## അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് കുറഞ്ഞത് ഒരേക്കർ വരെയുള്ള ഭൂമി വിൽക്കുന്നതിന് തയ്യാറുള്ള ഭൂഉടമകളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു.

പ്രസ്തുത ഭൂമിയുടെ ഉടമസ്ഥർ അപേക്ഷയോടൊപ്പം തങ്ങളുടെ ഉടമസ്ഥതയിലുള്ള വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി (കുടിവെള്ള ലഭ്യത, റോഡ്, വൈദ്യുതി തുടങ്ങിയ സൗകര്യമുള്ള, യാതൊരു വിധ നിയമ കുരുക്കിലും ഉൾപ്പെടാത്ത ബാധ്യതകളില്ലാത്ത ഉത്തമഭൂമി) വിൽക്കുന്നതിന് തയ്യാറാണെന്ന സമ്മതപത്രത്തോടൊപ്പം വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്, അടിയാധാരം, ഭൂമിയുടെ സ്കെച്ച് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, നികുതി രശീതി, തണ്ടേപ്പേർ അക്കൗണ്ട്, 15 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, ജില്ലാ ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ലീഗൽ സ്ക്രൂട്ടിനി സർട്ടിഫിക്കറ്റ്, ഒരു സെന്റിന് പ്രതീക്ഷിക്കുന്ന തുക, മുഴുവൻ വസ്തുവിനും പ്രതീക്ഷിക്കുന്ന തുക എന്നിവ ഉൾപ്പെട്ടിരിക്കണം.

ഭൂമി വിൽക്കുന്നതിന് താൽപര്യമുള്ള ഭൂഉടമകൾ അപേക്ഷ മേൽപ്പറഞ്ഞ രേഖകൾ സഹിതം കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ സമർപ്പിക്കണം. അവസാന തിയ്യതി : ജൂൺ 15 ന് വൈകുന്നേരം അഞ്ച് മണി. കൂടുതൽ വിവരങ്ങൾക്ക് : 0495 2376364 0495 2371622

# വെങ്ങോല സർവീസ് സഹകരണ ബാങ്ക് ഇനി സൂപ്പർ ഗ്രേഡ് ബാങ്ക്



**കൊച്ചി:** കേരളത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്താനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും സഹകരണ പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് നിർണായകമാണെന്ന് നിയമസഭ സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. വെങ്ങോല സർവീസ് സഹകരണ ബാങ്ക് സൂപ്പർ ഗ്രേഡ് ബാങ്കായി ഉയർത്തുന്നതിന്റെ പ്രഖ്യാപനവും ബാങ്ക് പോഞ്ഞാശ്ശേരിയിൽ ആരംഭിക്കുന്ന സൂപ്പർ മാർക്കറ്റിന്റെ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു സ്പീക്കർ.ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മേഖലയിലും ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. രാജ്യം സാമ്പത്തികമായി പ്രതിസന്ധി നേരിട്ട പലഘട്ടങ്ങളിലും കേരളത്തിന് തുണയായത് ഇത്തരം സഹകരണ പ്രസ്ഥാനങ്ങളാണ്. അതുകൊണ്ട് സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്ക് ജീവനക്കാർക്കൊപ്പം പൊതുജനങ്ങളും പ്രവർത്തിക്കണം. സഹകരണ സ്ഥാപനങ്ങളുടെ വളർച്ച നാടിന്റെ വളർച്ചയ്ക്ക് അനിവാര്യമാണെന്നും സ്പീക്കർ പറഞ്ഞു.തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുക, കുടിശ്ശിക തോത് 15 ശതമാനത്തിൽ താഴെയാകുക തുടങ്ങി പ്രവർത്തന മികവിന്റെ ഏഴു മാനദണ്ഡങ്ങൾ പരിഗണിച്ചാണ് സംസ്ഥാന സഹകരണ വകുപ്പ് വെങ്ങോല സർവീസ് സഹകരണ ബാങ്കിനെ സൂപ്പർ ഗ്രേഡ് ബാങ്കായി ഉയർത്തിയത്. ബാങ്കിംഗ് പ്രവർത്തനങ്ങൾക്കു പുറമെ കാർഷിക രംഗത്ത് പുനർജനി പദ്ധതി, പച്ചക്കറി വിപണി, വയോധികർക്ക് സ്പർശം പെൻഷൻ പദ്ധതി തുടങ്ങി ബാങ്കിംഗ് ഇതര പ്രവർത്തനങ്ങളും ബാങ്ക് നടപ്പിലാക്കുന്നു.ബാങ്കിന്റെ കീഴിലെ രണ്ടാമത്തെ സൂപ്പർമാർക്കറ്റ് ആണ് പോഞ്ഞാശ്ശേരി കനാൽ ജംഗ്ഷനിൽ ആരംഭിച്ചത്. സഹകാരികൾക്കും നാട്ടുകാർക്കും പ്രയോജനമാകും വിധം ഗുണമേന്മയുള്ള നിത്യോപയോഗ വസ്തുക്കൾ കുറഞ്ഞ വിലയിൽ സൂപ്പർമാർക്കറ്റിൽ നിന്നും ലഭിക്കും.എൽദോസ് കുന്നപ്പിള്ളി എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആദ്യ വിൽപ്പന പി.വി ശ്രീനിജിൻ എം.എൽ.എ നിർവഹിച്ചു. ബാങ്ക് സെക്രട്ടറി സിമി കുര്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. വിദ്യാഭ്യാസ മേഖലയിൽ തിളക്കമാർന്ന വിജയം കൈവരിച്ചവർക്കും സൂപ്പർമാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകിയവർക്കുമുള്ള ഉപഹാര സമർപ്പണം വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം അൻവർ അലി നിർവഹിച്ചു. വെങ്ങോല പഞ്ചായത്ത് പ്രസിഡന്റ് ഷിഹാബ് പള്ളിക്കൽ, വൈസ് പ്രസിഡന്റ് നസീമ റഹീം, ജോയിന്റ് രജിസ്ട്രാർ കെ.സജീവ് കർത്ത, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ ആർ.എം രാമചന്ദ്രൻ, ബാങ്ക് പ്രസിഡന്റ് എം.ഐ ബീരാസ്, പഞ്ചായത്ത് അംഗങ്ങൾ, വിവിധ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

# ചക്കരമാമ്പഴം മാംഗോ ഫെസ്റ്റ് തുടങ്ങി

**കൊച്ചി:** ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചക്കരമാമ്പഴം മാംഗോ ഫെസ്റ്റ് സംഘടിപ്പിച്ചു. തൃക്കാക്കര മുൻസിപ്പൽ കമ്മ്യൂണിറ്റി ഹാളിന് സമീപമുള്ള ടാക്സി സ്റ്റാൻഡിൽ സംഘടിപ്പിച്ച മാംഗോ ഫസ്റ്റ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു.കാർഷികപരമായി സമ്പന്നമായ ജില്ലയുടെ കിഴക്കൻ മേഖലയിലെ കർഷകരുടെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്നത്. ജില്ലയുടെ പല ഭാഗങ്ങളിലായി കീടനാശിനി ഉപയോഗിക്കാതെ ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ കൊണ്ട് സമ്പന്നമാണ് ചക്കരമാമ്പഴം മാംഗോ ഫെസ്റ്റ് എന്ന് ഹൈബി ഈഡൻ എം.പി പറഞ്ഞു. സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സഹകരണ എക്സ്പോയിൽ ജില്ലാ പഞ്ചായത്തിന്റെ പൊക്കാളി കൃഷി, മറ്റ് മൂല്യ വർധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് വലിയ പ്രാധാന്യമാണ് ലഭിച്ചതെന്നും എം.പി പറഞ്ഞു. ജനകീയ ആസൂത്രണം 2023 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷികോല്പന്നങ്ങൾക്ക് മാന്യമായ വില ഉറപ്പാക്കി കാർഷികരംഗം സജീവമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ശേഖരിച്ച ഗുണമേന്മയുള്ളതും വിഷരഹിതവുമായ അൻപതോളം മാങ്ങകൾ പ്രദർശന വിപണന മേളയിൽ ഒരുക്കിരുന്നു. കൂടാതെ മാങ്ങയിൽ നിന്നുള്ള വിവിധ മൂല്യ വർധന ഉൽപ്പന്നങ്ങൾ, മാമ്പഴ ഭക്ഷണവിഭവങ്ങൾ, മേൽതരം മാവിൻ തൈകൾ, മറ്റു പഴവർഗ്ഗങ്ങൾ എന്നിവയും ഒരുക്കിയിരുന്നു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് മുഖ്യാതിഥിയായി. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ അജിത തങ്കപ്പൻ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ (ഇൻ ചാർജ്) പി.ഇന്ദു നായർ പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ റാണിക്കുട്ടി ജോർജ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ.വി രവീന്ദ്രൻ, ഷൈനി ജോർജ്, ശാരദ മോഹൻ, ഷൈമി വർഗീസ്, അഡ്വ.എം.ബി ഷൈനി, തൃക്കാക്കര മുനിസിപ്പാലിറ്റി കൗൺസിലർമാരായ ഉണ്ണി കാക്കനാട്, കെ.കെ ബിജു, കൃഷി ഡെപ്യൂട്ടി ഡയറക്ടർ സെറിൻ ഫിലിപ്പ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.ജി പ്രകാശ്, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# രായമംഗലം വലിച്ചെറിയൽ മുക്ത ഗ്രാമപഞ്ചായത്ത്



**കൊച്ചി:** രണ്ടാം നവകേരളം കർമ്മപദ്ധതി 'വലിച്ചെറിയൽ മുക്ത കേരളം'ക്യാമ്പയിൻറെ ഭാഗമായി രായമംഗലം ഗ്രാമപഞ്ചായത്തിനെ വലിച്ചെറിയൽ മുക്തപഞ്ചായത്തായി പ്രഖ്യാപിച്ചു. വലിച്ചെറിയൽ മുക്തപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നു. പ്രധാനമായും പഞ്ചായത്ത് പരിധിയിലെ പൊതു ഇടങ്ങളും മാർക്കറ്റുകളുമാണ് മാലിന്യം നീക്കം ചെയ്ത് വൃത്തിയാക്കിയത്.പഞ്ചായത്തിനെ മാലിന്യ വിമുക്തമാക്കാൻ ശക്തമായ തുടർ നടപടികളും അധികൃതർ ആവിഷ്കരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന സജീവമായി പ്രവർത്തിച്ചു വരുന്നു. മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് തടയാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും. നിലവിൽ മാലിന്യങ്ങൾ നിയമവിരുദ്ധമായി നിക്ഷേപിക്കുകയോ, വലിച്ചെറിയുകയോ ചെയ്യുന്നവർക്കെതിരെ പഞ്ചായത്ത് നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. അനധികൃത ഫ്ലക്സ് ബോർഡുകൾ നീക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു.തുടർന്നും കുറ്റകാർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുമെന്നും വലിച്ചെറിയൽ മുക്തപഞ്ചായത്ത് പദവി നിലനിർത്തുന്നതിൻറെ ഭാഗമായി പഞ്ചായത്തിലെ പ്രധാന ഇടങ്ങളിൽ സി.സി ടി. വി ക്യാമറകൾ സ്ഥാപിക്കുമെന്നും ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എൻ. പി അജയകുമാർ പറഞ്ഞു.

# കളമശേരി മണ്ഡലത്തിലെ ത്രിദിന ശുചീകരണ പരിപാടിക്ക് ഇന്ന് തുടക്കമാകും

**കൊച്ചി:** കളമശേരി നിയോജക മണ്ഡലത്തിലെ ത്രിദിന ശുചീകരണ പരിപാടിക്ക് ഇന്ന് തുടക്കമാകും. കളമശേരിയെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'ശുചിത്വത്തിന് ഒപ്പം കളമശേരി' എന്ന ക്യാമ്പയിന്റെ ഭാഗമായുള്ള മാലിന്യ നിർമ്മാർജന പരിപാടി ജൂൺ മൂന്നു മുതൽ അഞ്ചു വരെയാണ് നടക്കുന്നത്.ശുചീകരണ യജ്ഞത്തിന്റെ ആദ്യ ദിവസമായ ജൂൺ മൂന്നിന് മണ്ഡലത്തിലെ വീടുകളിൽ നിന്നും ആക്രി സാധനങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിക്കും. ഹരിതകർമ്മ സേന വഴി അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇവ കൈമാറും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹരിത കർമ്മ സേന, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, പൗര സമൂഹ സംഘടനകൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ചു ജനകീയ പങ്കാളിത്തത്തോടെയാണ് ആക്രി സാധനങ്ങൾ ശേഖരിക്കുന്നത്. മാലിന്യ സംസ്കരണ യജ്ഞത്തിന്റെ രണ്ടാം ദിവസം ജൂൺ നാലിന് രാവിലെ 9ന് കളമശേരിയിൽ നടക്കുന്ന മാസ്സ് ക്ലീനിങ് ഡ്രൈവിൽ മന്ത്രി. പി. രാജീവ്, ഹൈബി ഈഡൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ. എസ്. കെ ഉമേഷ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.അന്നേദിവസം പൊതുസ്ഥലങ്ങൾ ശുചീകരിച്ച് വഴിയോരങ്ങളിലെ മാലിന്യം നീക്കം ചെയ്ത് വൃത്തിയാക്കും. വിപുലമായ ജനകീയ പങ്കാളിത്തത്തോടെ എല്ലാ വാർഡ് തലത്തിലും ശുചീകരണ യജ്ഞം സംഘടിപ്പിക്കും. മണ്ഡലത്തിലെ പ്രധാന റോഡുകൾ സംഘങ്ങളായി ചേർന്ന് വൃത്തിയാക്കും. യജ്ഞത്തിന്റെ അവസാന ദിവസമായ ജൂൺ അഞ്ചിന് മണ്ഡലത്തിലെ വൃത്തിയാക്കിയ ഇടങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കും.

# കെസിബിസി വർഷകാലസമ്മേളനം

**കൊച്ചി:** കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഈ വർഷത്തെ വർഷകാലസമ്മേളനം ഈ മാസം 6,7,8 തീയതികളിലായി ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പിഒസിയിൽ ചേരുന്നതാണെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും ഔദ്യോഗികവക്താവുമായ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പറഞ്ഞു.സഭയെയും സമൂഹത്തെയും ബാധിക്കുന്ന വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടക്കുന്നതാണ്. 6ന് രാവിലെ 10 മണി മുതൽ കത്തോലിക്കാ സന്യാസ സമൂഹങ്ങളുടെ ജനറാൾപ്രൊവിൻഷ്യാൾ എന്നിവരും മെത്രാൻ സമിതിയും ഒരുമിച്ചുള്ള സമ്മേളനം നടക്കും.കേരള സഭാനവീകരണ യജ്ഞത്തിന്റെ ഭാഗമായി ഡിസംബർ 1,2,3 തീയതികളിൽ വല്ലാർപാടം മരിയൻ തീർഥാടന ബസിലിക്കയിൽ കേരളസഭയുടെ പ്രഥമ പാദേശിക ദിവ്യകാരുണ്യ കോൺഗ്രസ് നടത്തുന്നതു സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ ഈ സമ്മേളനത്തിൽ പുറപ്പെടുവിക്കുന്നതാണ്.

## ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം

**കൊച്ചി:** സമഗ്ര ശിക്ഷാ കേരളം, എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിൽ നിപുൺ ഭാരത് മിഷൻ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ക്ലാർക്ക് കം ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത ഡിഗ്രി, ഡാറ്റാ പ്രിപ്പറേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്വെയർ എന്നിവയിൽ എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഡാറ്റ എൻട്രിയിൽ ഗവൺമെന്റ് അംഗീകാരമുള്ള സർട്ടിഫിക്കറ്റ്. മണിക്കൂറിൽ 6000 കീ ഡിപ്രഷൻ സ്പീഡ്, മലയാളം ടൈപ്പിംഗ് അറിഞ്ഞിരിക്കണം. ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ ആറുമാസത്തിൽ കുറയാത്ത പ്രവൃത്തിപരിചയം. ബിഎഡ്/ഡിഎൽ എഡ് യോഗ്യത അഭിലഷണീയം. പ്രായപരിധി 36 (സംവരണ ഇളവ് ഒ.ബി.സി 3 വർഷം, എസ്.സി/എസ്.റ്റി 5 വർഷം)അപേക്ഷകൾ ജൂൺ എട്ടിന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി സമഗ്ര ശിക്ഷാ കേരളം, എസ്. ആർ.വി(ഡി) എൽ.പി സ്കൂൾ, ചിറ്റൂർ റോഡ്, എറണാകുളം, 682011 എന്ന വിലാസത്തിൽ ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം. അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യണം. അഭിമുഖ തീയതി പിന്നീട് അറിയിക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**202223 അധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു, തത്തുല്യ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് മെറിറ്റ് അവാർഡ് നൽകുന്നതിനായി മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് അപേക്ഷ ക്ഷണിച്ചു. ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കുടിശ്ശികയില്ലാതെ 2 വർഷം പൂർത്തിയാക്കിയ അംഗങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറവും കൂടുതൽ വിവരങ്ങളും ൦൦൦.സായേീമൃറ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സഹിതം ജൂലൈ 15 നകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്, രണ്ടാം ചക്കോരത്ത്കുളം, വെസ്റ്റ്ഹിൽ കോഴിക്കോട്673005 വിലാസത്തിൽ സമർപ്പിക്കണം. ഫോൺ 0495 2966577.

## മാലിന്യമുക്ത നവകേരളം: ജൂൺ അഞ്ചിന് ഹരിതസഭ

**കൊച്ചി:**മാലിന്യമുക്ത നവകേരളം ക്യാംപയിന്റെ ഭാഗമായി ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൂൺ അഞ്ചിന് ഹരിതസഭകൾ ചേരും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് നടപടി. ഇതിന്റെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിന് മാലിന്യമുക്ത നവകേരളം ക്യാംപയിൻ ജില്ലാ തല ക്യാംപയിൻ സെക്രട്ടറിയേറ്റ് അംഗങ്ങളുടെ ഓൺലൈൻ യോഗം സംഘടിപ്പിച്ചു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലെ ഹരിത സഭകളിലും അതാതു പ്രദേശത്തുള്ള ജനപ്രതിനിധികൾ, യുവാക്കൾ, വിദ്യാർത്ഥികൾ, പൊതുപ്രവർത്തകർ, സന്നദ്ധ സംഘടനകൾ, പൗര പ്രമുഖർ തുടങ്ങിയവർ അണിനിരക്കും. മാലിന്യമുക്ത നവകേരളത്തിന്റെ ഭാഗമായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങളും ഭാവിയിൽ നടത്താൻ ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും സഹിതം വിപുലമായ റിപ്പോർട്ട് ഹരിത സഭകളിൽ അവതരിപ്പിക്കും. റിപ്പോർട്ടുകളിൽ ജനകീയ ഓഡിറ്റിങ്ങും സംഘടിപ്പിക്കും.ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങൾ പിന്നോട്ട് പോകുന്നതായി ശ്രദ്ധയിൽ പെട്ടാൽ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കും. ജില്ലയിലെ 30 ലധികം തദ്ദേശ സ്ഥാപനങ്ങൾ ജൂൺ അഞ്ചിന് വലിച്ചെറിയൽ മുക്തമായതായി പ്രഖ്യാപിക്കും. ഏതാനും പഞ്ചായത്തുകൾ നേരത്തെ തന്നെ വലിച്ചെറിയൽ മുക്തമായതായി പ്രഖ്യാപിച്ചിട്ടുണ്ട്.യോഗത്തിൽ ശുചിത്വ മിഷൻ, കില, കുടുംബശ്രീ, നവകേരള മിഷൻ തുടങ്ങി വിവിധ വകുപ്പുകളുടെ പ്രതിനിധികൾ പങ്കെടുത്തു.

## യോഗ കോഴ്സിന്റെ ജില്ലാതല ഉദ്ഘാടനം

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കോൾകേരള, നാഷണൽ ആയുഷ് മിഷന്റേയും സംസ്ഥാന ആയുഷ് വകുപ്പിന്റേയും അംഗീകാരത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനം എസ്.ആർ.വി.(ഡി).എൽ.പി സ്കൂൾ എറണാകുളത്ത് ജൂൺ 04 ന് രാവിലെ 9ന് ടി.ജെ വിനോദ് എം.എൽ.എ നിർവ്വഹിക്കും.

# മാതാപിതാക്കൾക്ക് വഴികാട്ടിയാകാൻ ആസ്റ്റർ ; നർച്ചർ പ്രോഗ്രാമിന് തുടക്കമായി



**കൊച്ചി:** ഗർഭധാരണം മുതൽ പ്രസവവും കഴിഞ്ഞ് കുഞ്ഞിന്റെ അഞ്ച് വയസുവരെ നീളുന്ന ആസ്റ്റർ മെഡ്സിറ്റിയുടെ പുതിയ ചികിത്സാപദ്ധതിക്ക് തുടക്കമായി. സീരിയൽ നടിയും അവതാരകയുമായ അശ്വതി ശ്രീകാന്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.ഗർഭകാലത്തും പ്രസവശേഷവും അമ്മമാർക്ക് അവരുടെ പ്രിയപ്പെട്ടവരിൽ നിന്ന് കിട്ടേണ്ടുന്ന ശക്തമായ പിന്തുണയുടെ ആവശ്യകതയാണ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത അശ്വതി ശ്രീകാന്ത് ഊന്നിപ്പറഞ്ഞത്. തന്റെ ആദ്യത്തെ പ്രസവത്തിൽ താൻ നേരിട്ട വെല്ലുവിളികളെ കുറിച്ചുള്ള അനുഭവങ്ങളും താരം പങ്കുവെച്ചു. ചെറുപ്പക്കാർക്കിടയിൽ ഏറെ ആശങ്കകളുണ്ടാകുന്ന സമയമാണ് ഗർഭധാരണം മുതൽ കുഞ്ഞിന് അഞ്ച് വയസാകുന്നതുവരെയുള്ള കാലഘട്ടം. ഈ കാലയളവിൽ മാതാപിതാക്കൾക്കും കുഞ്ഞിനും സമഗ്രമായ ചികിത്സയും മാർഗദർശനവും നൽകുന്ന സമഗ്രമായ ഒരു പദ്ധതിയാണ് ആസ്റ്റർ നർച്ചർ പ്രോഗ്രാം. കേരളത്തിലെ ഏറ്റവും സമഗ്രമായ പ്രസവശുശ്രൂഷാ പദ്ധതിയാണ് ആസ്റ്റർ മെഡ്സിറ്റി ഒരുക്കുന്നത്.ഗർഭകാലം മുതലുള്ള കുഞ്ഞിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ശ്രദ്ധിക്കേണ്ട വിവരങ്ങളും മെഡിക്കൽ ഉപദേശവും നൽകുന്നതിനൊപ്പം സംശയങ്ങൾ ചോദിച്ചു മനസ്സിലാക്കാനും അവസരമുണ്ടാകും. ഗർഭധാരണത്തിന് മുൻപേ തുടങ്ങേണ്ട തയാറെടുപ്പുകൾക്കാവശ്യമായ മാർഗനിർദേശവും ആസ്റ്ററിലെ വിദഗ്ധഡോക്ടർമാരുടെ സംഘം നൽകും. കുട്ടികളുടെയും മാതാപിതാക്കളുടെയും ഡയറ്റ്, അവർക്കാവശ്യമായ ചെക്കപ്പുകൾ, വാക്സിനേഷനുകൾ, എല്ലാം ഒരൊറ്റ കുടക്കീഴിൽ ലഭ്യമാക്കും. ഗർഭകാലത്തും പ്രസവസമയത്തുമുള്ള മാതാപിതാക്കളുടെ ആശങ്കകൾ അകറ്റാനാവശ്യമായ എല്ലാ സഹായവും നൽകും. അമ്മയുടെയും കുഞ്ഞിന്റെയും ശാരീരികവും മാനസികവുമായ പരിപൂർണ ആരോഗ്യം ഉറപ്പാക്കുകയാണ് പ്രോഗ്രാമിന്റെ ലക്ഷ്യം.പ്രോഗ്രാമിന്റെ ഭാഗമായി അത്യാധുനിക എൽ.ഡി.ആർ.പി (ലേബർ, ഡെലിവറി, റിക്കവറി, പോസ്റ്റ്പാർട്ടം) റൂമുകളും ആസ്റ്ററിൽ സജ്ജമാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസി, ഫോണിലൂടെയുള്ള സഹായവും പിന്തുണയും, വാക്സിനേഷൻ കേന്ദ്രം, എൻ.എ.ബി.എൽ അക്രഡിറ്റേഷനുള്ള ലാബ്, ബ്ലഡ് ബാങ്ക്, എന്നിവയെല്ലാം പ്രവർത്തിക്കുന്നു. വിദഗ്ധരുടെ നേതൃത്വത്തിലുള്ള ഗർഭകാലയോഗ ക്ലാസുകളും പ്രസവശുശ്രൂഷാ പരിചരണ ക്ലാസുകളും നൽകിവരുന്നു. ശരിയായ രീതിയിൽ മുലപ്പാൽ കൊടുക്കേണ്ടത് എങ്ങനെയാണെന്നത് മുതലുള്ള എല്ലാ കാര്യങ്ങളും വിശദമായി പഠിപ്പിക്കുന്നു. ആവശ്യമെങ്കിൽ അമ്മമാർക്കായി ബേബി ഷവർ ആഘോഷവും സംഘടിപ്പിക്കും. മാതാപിതാക്കൾക്കും മറ്റ് കുടുംബാംഗങ്ങൾക്കും വൈകാരിക പിന്തുണയ്ക്ക് ആവശ്യമെങ്കിൽ ഫാമിലി കൗൺസിലിംഗും ലഭ്യമാണ്.പ്രോഗ്രാമിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഗർഭിണികളായ അമ്മമാർക്കായി രസകരമായ ഗെയിമുകളും ഒരുക്കിയിരുന്നു. ഗൈനക്കോളജി വിഭാഗം സീനിയർ ഡോക്ടർ ഷേർളി മാത്തൻ, ഡോ. എസ്. മായാദേവി കുറുപ്പ്, ഡോ. സറീന എ ഖാലിദ്, ഡോ. ഷമീമ അൻവർസാദത്ത് (ഗൈനക്കോളജി ഐവിഎഫ്), ഡോ. ടീന ആൻ ജോയ് എന്നിവർക്കൊപ്പം ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിറും ചടങ്ങിൽ പങ്കെടുത്തു.

# സോണി പുതിയ ബ്രാവിയ എക്സ്82എൽ സീരീസ് അവതരിപ്പിച്ചു



**കൊച്ചി:** സോണി ഇന്ത്യ പുതിയ ബ്രാവിയ എക്സ്82എൽ ടെലിവിഷൻ സീരീസ് പ്രഖ്യാപിച്ചു. 55, 65, 75 ഇഞ്ച് സ്ക്രീൻ വലുപ്പങ്ങളിൽ ലഭ്യമാകുന്ന സോണിയുടെ പുതിയ ടെലിവിഷൻ സീരീസ് എക്സ്വൺ 4കെ എച്ച്ഡിആർ പിക്ചർ പ്രോസസറിലൂടെ ആഴത്തിലുള്ള കാഴ്ചാനുഭവമാണ് നൽകുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ട്രിലുമിനോസ് പ്രോ ഡിസ്പ്ലേ, ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, ശബ്ദാനുഭവം മികച്ചതാക്കുന്നതിന് അക്കോസ്റ്റിക് മൾട്ടിഓഡിയോ, എക്സ്ബാലൻസ്ഡ് സ്പീക്കർ എന്നിവയും പുതിയ ബ്രാവിയ സീരിസിലുണ്ട്.പുതിയ സീരിസിലെ കെഡി55എക്സ്82എൽ, കെഡി65എക്സ്82എൽ മോഡലുകൾ 2023 ജൂൺ രണ്ട് മുതൽ ഇന്ത്യയിലെ എല്ലാ സോണി സെന്ററുകളിലും പ്രമുഖ ഇലക്ട്രോണിക് സ്റ്റോറുകളിലും ഇ കൊമേഴ്സ് പോർട്ടലുകളിലും വിൽപനക്ക് ലഭ്യമാകും. കെഡി55എക്സ്82എൽ മോഡലിന് 91,900 രൂപയും, കെഡി65എക്സ്82എൽ മോഡലിന് 124,990 രൂപയുമാണ് വില. കെഡി75എക്സ്82എൽ മോഡലിന്റെ വിലയും വിൽപന തീയതിയും പിന്നീട് പ്രഖ്യാപിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

## 'നാടിനു കാവലാകാൻ ഞങ്ങൾ ഹരിതകർമ്മസേനയ്ക്കൊപ്പം' ക്യാമ്പയിനുമായി കുടുംബശ്രീ

**കൊച്ചി:** ഹരിത കർമസേനയെ കൂടുതൽ ജനകീയമാക്കുക എന്നതാണ് ക്യാമ്പയിന്റെ പ്രധാന ഉദ്ദേശ്യം. ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും ഹരിത അയൽക്കൂട്ടമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ക്യാമ്പയിൻ ഈ മാസം 30 വരെ നീണ്ടു നിൽക്കും.കുടുംബശ്രീ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങളെയും, ജൈവ മാലിന്യങ്ങൾ കൃത്യമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ കലണ്ടർ പ്രകാരം ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിനും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം. എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങളും കൃത്യമായി യൂസർ ഫീ നൽകി ഹരിതകർമ്മസേനയ്ക്ക് മാലിന്യം കൈമാറണമെന്നാണ് നിർദേശം. ജൂൺ 30നകം പ്രവർത്തനങ്ങൾ പൂർത്തിയാക്കി ജില്ലയിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും ഹരിത അയൽക്കൂട്ടമായി പ്രഖ്യാപിക്കാനാണ് തീരുമാനം.ക്യാമ്പയിന്റെ ഭാഗമായി ഓൺലൈൻ പരിശീലനം, വിവരശേഖരണങ്ങൾ, പൊതുസഭാ യോഗങ്ങൾ, അയൽക്കൂട്ട തല യോഗങ്ങൾ, ഹരിത അയൽക്കൂട്ട പ്രഖ്യാപനം തുടങ്ങിയവ സംഘടിപ്പിക്കും.

# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിന് തുടക്കം

**കൊച്ചി:** ബോളിവുഡ് നടനും സൂപ്പർ ക്രോസ് ആരാധകനുമായ അർജുൻ കപൂർ ഫെഡറേഷൻ ഓഫ് മോട്ടോർ സ്പോർട്സ് ക്ലബ്സ് ഓഫ് ഇന്ത്യയുമായി (എഫ്എംഎസ്സിഐ) സഹകരിച്ച് വിവിധ വിഭാഗങ്ങളിൽ മത്സരിക്കാൻ ലോകമെമ്പാടുമുള്ള റൈഡർമാരെ ഒരുമിച്ച് കൊണ്ടുവരുന്ന ആദ്യത്തെ ഫ്രാഞ്ചൈസി അടിസ്ഥാനമാക്കിയുള്ള സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിന് തുടക്കം കുറിച്ചു. അടുത്ത ഒക്ടോബറിൽ ഡൽഹി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടനത്തോടെ സീസൺ ആരംഭിക്കും. തുടർന്ന് മുംബൈ, പൂന, അഹമ്മദാബാദ് തുടങ്ങിയ മെട്രോ നഗരങ്ങളിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ- ഡിസംബർ കാലയളവിൽ ഈ നഗരങ്ങളിലെ മോട്ടോർ സ്പോർടസ് പ്രേമികൾക്ക് സൂപ്പർ റേസിംഗിനെ തന്നെ പുനർനിർവചിക്കുന്ന മോട്ടോർ സ്പോർട്സ് നൈപുണ്യവും അതിസാഹസിക പ്രകടനങ്ങളും ദർശിക്കാനാകും.ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗിന്റെ (ഐഎസ്ആർഎൽ) ടൈറ്റിൽ സ്പോൺസറാണ് സീയറ്റ്. ടൊയോട്ട ഹൈലക്സ് ആണ് ഔദ്യോഗിക വാഹന പങ്കാളി.അതിരുകളില്ലാത്ത സാഹസികതയിലൂടെ മോട്ടോർ സ്പോർട്സ് പ്രേമികളുടെ ഹൃദയം കവരുകയാണ് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലക്ഷ്യമിടുന്നതെന്ന് സൂപ്പർക്രോസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹസ്ഥാപകനും ഡയറക്ടറുമായ ഇഷാൻ ലോഖണ്ഡേ പറഞ്ഞു. ഇന്ത്യൻ മോട്ടോർ സ്പോർട്സിന്റേയും ഓട്ടോമൊബൈൽ വ്യവസായത്തിന്റേയും ചരിത്രത്തിലെ സുപ്രധാനസംഭവ വികാസമാണ് സിഐഎസ്ആർഎൽ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. യുവറൈഡർമാർക്ക് ഉയർന്നുവരുവാനും രാജ്യാന്തര റൈഡർമാരുമായിച്ചേർന്ന് അവരുടെ പ്രതിഭ വളർത്തിയെടുക്കാനും സ്പോൺസർമാരേയും വാഹനനിർമാതക്കളേയും ആകർഷിക്കുവാനുമുള്ള പ്ലാറ്റ്ഫോം ലഭ്യമാക്കുകയാണ് ഈ ലീഗിന്റെ ലക്ഷ്യമെന്ന് ലോഖണ്ഡേ പറഞ്ഞു. വാഹന നിർമാതാക്കൾക്ക് അവരുടെ ഭാവി ഉത്പന്നങ്ങളും നവീന സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കാനുള്ള അവസരം കൂടിയാണ് ലീഗ് ഒരുക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.ആഗോള മോട്ടോർ സ്പോർട്സ് പ്രതിഭകളെ രാജ്യത്തേക്ക് ആകർഷിക്കുവാനും അതുവഴി യുവപ്രതിഭകളെ ഇവിടെ വളർത്തിയെടുക്കുവാനും ഈ ലീഗ് വഴിയൊരുക്കുമെന്ന് എഫ്എംഎസ്സിഐ പ്രസിഡന്റ് അക്ബർ ഇബ്രാഹിം പറഞ്ഞു. രാജ്യത്തൊരു മോട്ടോർ സ്പോർട്ട് സംസ്കാരം വളർന്നുവരുവാനും ഈ ലീഗ് ഉപകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

# ടാറ്റ മെമ്മോറിയൽ സെൻററിന് ഐസിഐസിഐ ബാങ്ക് 1200 കോടി നൽകും




**കൊച്ചി:** രാജ്യത്തുടനീളം കാൻസർ ചികിത്സയും ഗവേഷണ കേന്ദ്രങ്ങളും നടത്തുന്ന പ്രമുഖ സ്ഥാപനമായ ടാറ്റ മെമ്മോറിയൽ സെൻററിന് (ടിഎംസി) ഐസിഐസിഐ ബാങ്ക് 1200 കോടി രൂപ സംഭാവന നൽകുമെന്ന് ഐസിഐസിഐ ബാങ്ക് ചെയർമാൻ ഗിരീഷ് ചന്ദ്ര ചതുർവേദി പറഞ്ഞു.ഐസിഐസിഐ ബാങ്ക് ചെയർമാൻ ഗിരീഷ് ചന്ദ്ര ചതുർവേദി, എക്സിക്യൂട്ടീവ് ഡയറക്ടർ സന്ദീപ് ബത്ര എന്നിവരുടെ സാന്നിധ്യത്തിൽ ഐസിഐസിഐ ഫൗണ്ടേഷൻ പ്രസിഡൻറ് സഞ്ജയ് ദത്തയും ടിഎംസി ഡയറക്ടർ ഡോ. ആർ. എ. ബദ്വയും ഇതു സംബന്ധിച്ച കരാർ ഒപ്പു വച്ചു. ഇതോടൊപ്പം മുംബൈയിലെ ടിഎംസി ആശുപത്രിയിൽ ഐസിഐസിഐ ഫൗണ്ടേഷൻ സഹായത്തോടെയുള്ള ഐസിഐസിഐ എംആർഐ സൗകര്യം ഐസിഐസിഐ ബാങ്ക് ചെയർമാൻ ചതുർവേദി ഉദ്ഘാടനം ചെയ്തു.മഹാരാഷ്ട്രയിലെ നവി മുംബൈ, പഞ്ചാബിലെ മുള്ളൻപൂർ, ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം എന്നിവിടങ്ങളിലെ ടിഎംസിയുടെ കേന്ദ്രങ്ങളിൽ കെട്ടിടങ്ങളും (മൂന്നു കേന്ദ്രങ്ങളിലും കൂടി 7.5 ലക്ഷം ചതുരശ്രയടി) അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമാണ് സിഎസ്ആർ ഫണ്ടിൽനിന്നു തുക സംഭാവന ചെയ്യുന്നതെന്നും ഗിരീഷ് ചന്ദ്ര ചതുർവേദി പറഞ്ഞു.നവി മുംബൈ, മുള്ളൻപൂർ, വിശാഖപട്ടണം എന്നിവിടങ്ങളിലെ ടിഎംസിയുടെ കേന്ദ്രങ്ങളിൽ 2027ഓടെ മൂന്ന് പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് 1200 കോടി രൂപ നീക്കിവയ്ക്കുകയാണ്. ആരോഗ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിൽ പ്രതിജ്ഞാബദ്ധതയുടെ ഭാഗമായുള്ള ഐസിഐസിഐ ബാങ്കിന്റെ ഈ സംരംഭം രാജ്യത്തിൻറെ വിവിധ മേഖലകളിൽ സമഗ്രമായ കാൻസർ പരിചരണം വർധിപ്പിക്കുകയും നൂതന കാൻസർ ചികിത്സ ലഭ്യമാക്കുകയും ചെയ്യുമെന്ന് ഗിരീഷ് ചന്ദ്ര ചതുർവേദി പറഞ്ഞു.ഐസിഐസിഐ ബാങ്കിൻറെ സിഎസ്ആർ വിഭാഗമായ ഐസിഐസിഐ ഫൗണ്ടേഷൻ ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് (ഐസിഐസിഐ ഫൗണ്ടേഷൻ) നടപ്പിലാക്കുന്ന ഈ സംരംഭം 2027ഓടെ പൂർത്തിയാകും. ഓങ്കോളജി ചികിത്സയിലെ മികവിൻറെ ഈ പുതിയ കേന്ദ്രങ്ങൾ പ്രതിവർഷം 25,000 പുതിയ രോഗികൾക്ക് നൂതന ചികിത്സകൾ ലഭ്യമാക്കും. ഇതുവഴി നിലവിലെ ശേഷി ഇരട്ടിയാക്കുകയും രാജ്യത്തെ കാൻസർ ചികിത്സാ മേഖലയിലെ അടിസ്ഥാന സൗകര്യത്തിന് കരുത്ത് നൽകുകയും ചെയ്യും.നവി മുംബൈ, വിശാഖപട്ടണം, മുള്ളൻപൂർ എന്നിവിടങ്ങളിലെ ടാറ്റ മെമ്മോറിയൽ സെൻററിൻറെ മൂന്ന് ആശുപത്രികളിൽ കൂട്ടിച്ചേർക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ മേഖലയിലെ ജനങ്ങൾക്ക് ഉയർന്ന സബ്സിഡി നിരക്കിൽ സമയബന്ധിതവും ഉയർന്ന നിലവാരമുള്ളതുമായ ചികിത്സ നൽകുവാൻ സഹായിക്കുമെന്ന് ടാറ്റ മെമ്മോറിയൽ സെൻറർ ഡയറക്ടർ ഡോ. ആർ. എ. ബദ്വ പറഞ്ഞു.

# ഐടിഐ ഫോക്കസ്ഡ് ഫണ്ടിന്റെ എൻഎഫ്ഒയുമായി ഐടിഐ മ്യൂച്വൽ ഫണ്ട്

**കൊച്ചി:** 2019ൽ പ്രവർത്തനമാരംഭിച്ച് ഇതുവരെ 17 മുഖ്യധാരാ മ്യൂച്വൽ ഫണ്ടുകൾ വിപണിയിലിറക്കിയ ഐടിഐ മ്യൂച്വൽ ഫണ്ട് പുതിയ ഐടിഐ ഫോക്കസ്ഡ് ഇക്വിറ്റി ഫണ്ടിന്റെ എൻഎഫ്ഒ (ന്യൂ ഫണ്ട് ഓഫർ) ആരംഭിച്ചു. പുതിയ ഫണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അവസാനതീയതി ജൂൺ 12, 2023. 30 കമ്പനികളിലാണ് ഫണ്ട് നിക്ഷേപിക്കുക. 5000 രൂപയാണ് ചുരുങ്ങിയ നിക്ഷേപത്തുക. തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായും അപേക്ഷിക്കാം. ധിമന്ത് ഷാ, രോഹൻ കോർദെ എന്നിവരാണ് ഫണ്ട് മാനേജർമാർ. നിഫ്റ്റി 500 ടോട്ടൽ റിട്ടേൺ ഇൻഡെക്സിനെ അടിസ്ഥാനമാക്കിയാണ് പുതിയ ഫണ്ട് ബെഞ്ച്മാർക്ക് ചെയ്യുക. 2023 മെയ് 22ലെ കണക്കുകളനുസരിച്ച് 4011 കോടി രൂപയുടെ ആസ്തികളാണ് കമ്പനി മാനേജ് ചെയ്യുന്നതെന്ന് (എയുഎം) ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ രാജേഷ് ഭാട്ടിയ പറഞ്ഞു. ഇതിന്റെ 46.1% അഞ്ച് വൻനഗരങ്ങളിലും 21.99% അടുത്ത 10 നഗരങ്ങളിലും 15.01% അടുത്ത് 75 പട്ടണങ്ങളിലും ബാക്കി 4.22 ഇടങ്ങളിലും പരന്നു കിടക്കുന്നു. 57 സ്ഥലങ്ങളിൽ സാന്നിധ്യമുള്ള കമ്പനിക്ക് 21,209 വിതരണക്കാരുമുണ്ടെന്നും രാജേഷ് ഭാട്ടിയ പറഞ്ഞു

# ഫ് ളിപ്കാർട്ട് ബിഗ് എൻഡ് ഓഫ് സീസൺ സെയിൽ ആരംഭിച്ചു




**കൊച്ചി:** ഇ കൊമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട് ബിഗ് എൻഡ് ഓഫ് സീസൺ സെയിൽ ആരംഭിച്ചു. ഇന്ത്യയിലുടനീളമുള്ള ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്കായി ഫാഷൻ, ബ്യൂട്ടി, ലൈഫ് സ്റ്റൈൽ വിഭാഗങ്ങളിൽ വൈവിധ്യമാർന്ന കളക്ഷനുകളുമായി 200,000 വിൽപനക്കാരെയും 10,000ലധികം ബ്രാൻഡുകളുടേയും ഉൽപ്പന്നങ്ങൾ ലഭിക്കും. ഇമേജ് സെർച്ച്, വീഡിയോ കാറ്റലോഗ്, വെർച്വൽ ട്രൈഓൺ, വീഡിയോ കൊമേഴ്സ്, ടോപ്പ് ഫിൽട്ടറുകൾ എന്നിവയിലൂടെ വ്യത്യസ്തമായ ഷോപ്പിംഗ് അനുഭവം ലഭിക്കും.ലക്ഷക്കണക്കിന് വിൽപ്പനക്കാരെയും ബ്രാൻഡുകളെയും ഉപഭോക്താക്കളെയും ഒരിക്കൽക്കൂടി ഒരുമിച്ച് കൊണ്ടുവരുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് ഫ്ളിപ്കാർട്ട് ഫാഷൻ സീനിയർ ഡയറക്ടർ അഭിഷേക് മാലൂ പറഞ്ഞു. പേടിഎം യുപിഐയിൽ നിന്ന് 250 രൂപയുടെ ഏറ്റവും കുറഞ്ഞ പർച്ചേസിന് 25 രൂപയും 1000 രൂപയുടെ മിനിമം ഓർഡറിന് 100 രൂപയും ഐസിഐസിഐ, എസ്ബിഐ ഉപഭോക്താക്കൾക്ക് മിനിമം 500 രൂപയ്ക്ക് പർച്ചേസ് ചെയ്യുമ്പോൾ 10 ശതമാനം തൽക്ഷണ കിഴിവ് ലഭിക്കുന്നു.

# പിജിഐ പുതിയശേഖരം അവതരിപ്പിച്ചു

**കൊച്ചി:** പ്ലാറ്റിനം ഗിൽഡ് ഇന്റർനാഷണലിന്റെ ഭാഗമായ പ്ലാറ്റിനം ഇവാര, പ്രത്യേക അവധിക്കാല ശേഖരം വിപണിയിൽ അവതരിപ്പിച്ചു. പരമ്പരാഗത ഡിസൈനുകളുടെ ആധുനിക പതിപ്പുകൾ, സ്ത്രീകൾക്കും പുരുഷൻമാർക്കുമായി തയ്യാറാക്കിയ പ്രത്യേക കളക്ഷനുകൾ എന്നിവ പുതിയ ശേഖരത്തിലൂടെ ലഭ്യമാകും. പ്രത്യേകതരം പെൻഡന്റുകൾ, ബ്രേസ്ലെറ്റുകൾ, കമ്മൽ, റിങ്, നെക്ക്ലേസുകൾ തുടങ്ങിയവയാണ് അവധിക്കാല കളക്ഷനിലെ സവിശേഷതകൾ. സ്ത്രീകൾക്കായി അതിമനോഹരമായി രൂപകൽപന ചെയ്ത പ്ലാറ്റിനം ആഭരണങ്ങൾ ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി റീട്ടെയിൽ ഷോറൂമുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് https://ptevara.in/ kµÀin¡mw.

# ഹോട്ടൽടെക് കേരള പ്രദർശനം ജൂൺ 7 മുതൽ കൊച്ചിയിൽ

**കൊച്ചി:** സംസ്ഥാനത്തെ ആതിഥേയ വ്യവസായ മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്ന പ്രമുഖ വാർഷിക പ്രദർശനമായ ഹോട്ടൽടെക് കേരളയുടെ 12ാമത് പതിപ്പ് കൊച്ചിയിലെ ഗോകുലം കൺവെൻഷൻ സെന്ററിൽ ജൂൺ 7, 8, 9 തീയതികളിൽ നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഹൊറേക്ക എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഹോട്ടൽസ്/റിസോർട്ടസ്, റെസ്റ്റോറന്റ്സ്, കേറ്ററിംഗ് മേഖലകൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽവെയർ, വാണിജ്യ അടുക്കള ഉപകരണങ്ങൾ, ക്ലീനിംഗ് ഉൽപ്പന്നങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവയുമായി 60ലേറെ പ്രദർശകർ ഹോട്ടൽടെകിൽ പങ്കെടുക്കമെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു.കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിൽ പ്രൊമോഷൻ (കെബിപ്), കേരളാ സ്റ്റാർട്ടപ്പ് മിഷൻ, കെഎസ്ഐഡിസി, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്ച്കെ), കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ചീഫ് എൻജിനീയയേഴ്സ് ഫോറം എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അംഗീകാരവും പിന്തുണയും ഹോട്ടൽടെകിനുണ്ട്.എസ്എംഇകൾക്കായി കെബിപ് സ്പോൺസർ ചെയ്യുന്ന പവലിയൻ പ്രദർശനത്തിന്റെ ഭാഗമാകും. ഒപ്പം ഈ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി കേരളത്ത സ്റ്റാർട്ടപ്പ് മിഷനും എക്സ്ക്ലൂസീവ് പവലിയൻ ഒരുക്കും. മേളയ്ക്ക് സമാന്തരമായി ആദ്യരണ്ടു ദിവസം നടക്കുന്ന മത്സരങ്ങളായ കേരളാ കലിനറി ചലഞ്ച് (കെസിസി), ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി) എന്നിവയാകും ഹോട്ടൽടെകിന്റെ പ്രധാന ആകർഷണങ്ങൾ.പശസ്ത സെലിബ്രിറ്റി ഷെഫായ അലൻ പാമറാണ് ജൂറി തലവനായി എത്തുന്നത്. പ്രൊഫഷനൽ ഷെഫുമാർക്ക് തങ്ങളുടെ മികവു തെളിയിക്കാനുള്ള വേദിയാകും കെസിസിയെന്നും



സംസ്ഥാനത്തെമ്പാടും നിന്നുള്ള ഈ മേഖലിയിലെ പ്രൊഫഷനലുകളെ ഇതിലേയ്ക്ക് ക്ഷണിക്കുകയാണെന്നും ജോസഫ് കുര്യാക്കോസ് പറഞ്ഞു.കെസിസിയുടെ ഇത്തവണ നടക്കുന്ന പതിപ്പിൽ ഡ്രെസ് ദി കേക്ക്, ബ്രെഡ് ആൻഡ് പേസ്ട്രി ഡിസ്പ്ലേ, 3 ടിയർ വെഡ്ഡിംഗ് കേക്ക്, പെറ്റി ഫോർസ് അഥവാ പ്രാലൈൻസ്, ആർട്ടിസ്റ്റിക് പേസ്ട്രി ഷോപീസ്, ക്രിയേറ്റീവ് ഡിസെർട്, ഹോട്ട് കുക്കിംഗ് ചിക്കൻ, ഹോട്ട് കുക്കിംഗ് ഫിഷ്, ഹോട്ട് കുക്കിംഗ് മീറ്റ്, ക്രിയേറ്റീവ് ഡിസെർട്, കേരള വിഭവങ്ങൾ, റൈസ് ഡിഷ്, ക്രിയേറ്റീവ് സലാഡ്സ്, മോക്ടെയിൽ, മില്ലറ്റുകൾ ഉപയോഗിച്ചുള്ള ക്രിയേറ്റീവ് കുക്കിംഗ്, ക്രിയേറ്റീവ് ടേബ്ൾ സെറ്റപ്പ് എന്നിങ്ങനെ പതിനഞ്ചു വിഭാഗങ്ങളിലായാണ് മത്സരം നടക്കുക.ഷെഫ് അലൻ പാമർ, ഷെഫ് റഷീദ്, ഷെഫ് സക്കറിയ, ഷെഫ് ജോർജ്, ഷെഫ് റുമാന എന്നിവരുൾപ്പെടുന്നതാണ് ജൂറി.മോപ്പ് റേസ്, ബെഡ് മേക്കിംഗ് സ്കിൽസ്, വാകൂം ക്ലീനർ റേസ്, ടവൽ ആർട്ട് എന്നീ വിഭാഗങ്ങളിലാണ് എച്ച്കെസി 2023ലെ മത്സരങ്ങൾ അരങ്ങേറുക. ഷെഫ് റഷീദ്, ഷെഫ് സക്കറിയ, ഷെഫ് ജോർജ്, ഷെഫ് റുമാന, ഫാം മേഡ് ഫുഡ്സ് പ്രതിനിധി വന്മതി വേൽമുരുഗൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ബിസിനസ് ഇൻക്യുബേഷൻ പ്രോഗ്രാം

**കൊച്ചി:** പുതിയ സംരംഭം തുടങ്ങാൻ താൽപര്യപ്പെടുന്ന സംരംഭകർക്കായി സംരംഭകത്വ വികസന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്, വ്യവസായ വാണിജ്യ വകുപ്പ് 10 ദിവസത്തെ ബിസിനസ് ഇൻക്യുബേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു. ജൂൺ 19 മുതൽ 31 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസ്സിൽ വച്ച് നടക്കുന്ന ഈ പരിശീലനത്തിന്റെ ഭാഗമായി സംരംഭകൻ/സംരംഭക ആവാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പുതിയ സംരംഭകർ നിർബന്ധമായും അറിഞ്ഞിരിക്കേണ്ട ബിസിനസിന്റെ നിയമ വശങ്ങൾ, ഐഡിയ ജനറേഷൻ, പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആന്റ് മാർക്കറ്റിങ്,ബാങ്കിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ,ജി എസ് ടി, സംരംഭം തുടങ്ങാനാവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയ നിരവധി സെഷനുകൾ ആണ് ഉൾപെടുത്തിയിരിക്കുന്നത്. കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പെടെ 5,900/ രൂപ ആണ് 10 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. താത്പര്യമുള്ളവർ കീഡിൻറെ വെബ്സൈറ്റ് ആയ **www.kied.info** യിൽ ഓൺലൈനായി ജൂൺ 15 ന് മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരെഞ്ഞെടുക്കപ്പെടുന്ന 35 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാം കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക0484 2532890 / 2550322/7012376994,

# ’സമീറ സനീഷ് കൊച്ചി ’വെബ് സൈറ്റ് മമ്മൂട്ടി ഉൽഘാടനം ചെയ്തു




**കൊച്ചി:** കോസ്റ്റ്യൂം ഡിസൈനർ സമീറ സനീഷ് ആരംഭിച്ച വസ്ത്രം ബ്രാന്റായ ’സമീറ സനീഷ് കൊച്ചി’ യുടെ വെബ്സൈറ്റ്, മെഗാസ്റ്റാർ മമ്മൂട്ടി ഉൽഘാടനം ചെയ്തു.എറണാകുളത്ത് ’ബസൂക്ക ’എന്ന ചിത്രത്തിന്റെ ലൊക്കേഷനിൽ വെച്ച് നടന്ന ഉൽഘാടന ചടങ്ങിൽ വെച്ച് ചലച്ചിത്ര താരം കുഞ്ചാക്കോ ബോബൻ,’സമീറ സനീഷ് കൊച്ചി’ ബ്രാന്റ് വസ്ത്രം മെഗാസ്റ്റാർ മമ്മൂട്ടി നൽകി ആദ്യ വില്പന നടത്തി.തുടർന്ന് മമ്മൂട്ടി, കുഞ്ചാക്കോ ബോബന് ’സമീറ സനീഷ് കൊച്ചി ബ്രാന്റ് സമ്മാനമായി നൽകി.മലയാള സിനിമയിൽ കോസ്റ്റ്യൂം ഡിസൈനിൽ പുതിയൊരു ട്രെന്റ് സൃഷ്ടിച്ച സംസ്ഥാന അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ കരസ്ഥമാക്കിയ സമീറ സനീഷ്, സാധാരണക്കാരുടെ വസ്ത്ര സ്വപ്നങ്ങളെ സഫലമാക്കാൻ സ്വന്തം പേരിൽ ആരംഭിച്ച ബ്രാന്റാണ്’സമീറ സനീഷ് കൊച്ചി’.സിനിമയ്ക്ക് പുറത്ത് സാധാരണക്കാരും ചുരുങ്ങിയ ചിലവിൽ സമീറ സനീഷ് ബ്രാന്റിന്റെ ഓരോരുത്തരുടെയും അഭിരുചിയ്ക്കനുസരിച്ച് ഓൺലൈനിലൂടെ എത്തിക്കുക എന്ന ലക്ഷ്യം വെച്ച് ആരംഭിച്ച സമീറ സനീഷ് പുതിയ സംരംഭത്തിന്റെ ലോഗോ പ്രകാശനം ചലച്ചിത്ര താരം മഞ്ജു വാര്യരാണ് നിർവ്വഹിച്ചത്.കഴിഞ്ഞ പതിനഞ്ച് വർഷമായി സിനിമയിൽ വളരെ സജീവമായി നിന്ന് ജനപ്രിതീ ആർജ്ജിച്ച സമീറ സനീഷ് സിനിമയ്ക്ക് പുറത്തും തന്റെ സ്വപ്നങ്ങൾ പങ്കു വെയ്ക്കുകയാണ്’സമീറ സനീഷ് ’എന്ന പുത്തൻ ബ്രാൻഡിലൂടെ.എറണാകുളം കച്ചേരിപ്പടി സെന്റ് ബെനഡിക്ട് റോഡിൽ ഒലപ്പറത്ത് ബിൽഡിംഗിലുള്ള ഷോപ്പിൽ നിന്നും അനുയോജ്യമായ വസ്ത്രങ്ങൾ വാങ്ങാൻ സൗകര്യമുണ്ടെന്ന് സമീറ സനീഷ് പറഞ്ഞു.

